സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക

SUVISESHA DHWANI

# സുവിശേഷ ധ്വനി

2016 ജനുവരി 02

Suvisesha Dhwani Fortnightly Reg. No. RN. 29475/1978 Vol. 38 Issue 11

പുസ്തകം 38 ലക്കം 11 പേജ് 6

# ദുഷ്ടന്റെ ആലോചനപ്രകാരം നടക്കാതെ

**ടി.വി. സൈമൺ, പഴഞ്ഞി**

സങ്കീർത്തനത്തിന്റെ എബ്രായ നാമം 'സെഫർ തെസിലിം' എന്നാണ്. അതിന്റെ അർത്ഥം സ്തുതികളുടെ പുസ്തകം എന്നാണ്. ഇതിലെ പ്രധാനപ്പെട്ട വിഷയം ദുഷ്ടനും നീതിമാനും തമ്മിലുള്ള വ്യത്യാസമാണ്. ഒന്നാം സങ്കീർത്തനം സങ്കീർത്തനങ്ങളുടെ ഒരു മുഖവുരയാണ്. ഒന്നാം വാക്യം ആരംഭിക്കുന്നതു തന്നെ 'ദുഷ്ടൻ' എന്ന പദപ്രയോഗത്തിലാണ്. നാം ജീവിക്കുന്ന ഈ ലോകം ദുഷ്ടന്റെ അധീനതയിലാണ് കിടക്കുന്നത്. ഈ ലോകത്തിന്റെ പ്രഭു എന്നാണ് അവനെ വിളിക്കുന്നത്. ലോകം മുഴുവനും അവന്റെ ദുഷ്ട പ്രവൃത്തിയുടെ വിളനിലമാകയാൽ അതിന്റെ ഭീകരത വെളിപ്പെടുത്തുന്നു. ആത്മീയ മണ്ഡലത്തിലും അവന്റെ പ്രവർത്തനത്തിന്റെ കാറ്റോട്ടം മൂലമുള്ള പ്രകടനങ്ങൾ ഇന്നു വ്യക്തികളിലും കുടുംബങ്ങളിലും സഭകളിലും വലിയ ചലനങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു.

നാല് പ്രത്യേക ഗുണങ്ങൾ ഒരുമിച്ച് ഒരു വ്യക്തിയിൽ നിറഞ്ഞു നിൽക്കുന്നു എന്ന് ദൈവം പോലും പ്രഖ്യാപിച്ച ഈയ്യോബിനെ തന്റെ പ്രവർത്തനത്തിന്റെ പരിധിക്കുള്ളിൽ നിറുത്താൻ ശ്രമിച്ചവനാണ്. ഇവനെ അതിജീവിക്കുവാൻ നമ്മുടെ ശക്തിയാൽ സാധ്യമല്ല. നാം കൊണ്ടു നടക്കുന്ന ജഡം പോലും ശത്രുവായ ദുഷ്ടന് ഉപയോഗിക്കാനുള്ള ഒരു ഉപകരണമാണ്. പലപ്പോഴും അറിഞ്ഞോ അറിയാതെയോ ഈ ജഡത്തെ അവന് പ്രവർത്തിക്കാൻ ഉള്ള മേഖലയായി നാം കൊടുക്കാറുണ്ടല്ലോ. അങ്ങനെയുണ്ടെങ്കിൽ തെറ്റായ ഒരു പാതയിലൂടെയാണ് നമ്മുടെ യാത്ര.

ഏദനിൽ സംഭവിച്ചത് അതാണ്. ദുഷ്ടന് വലിയ ആലോചനകൾ ഉണ്ട്. മനുഷ്യനേക്കാൾ വലിയ ചിന്താഗതിയും അത് നടപ്പിലാക്കുവാൻ എല്ലാ വളഞ്ഞ വഴിയും ഉപയോഗിക്കുവാൻ കഴിയുന്നവനാണ് അവൻ. ദൈവത്തിന്റെ ഹൃദയ പ്രകാരമുള്ള ദാവീദിനെ പോലും അവന്റെ ഹിതപ്രകാരം വളച്ചെടുത്തവനാണ് ദുഷ്ടനായ സാത്താൻ. ഏദനിൽ അവന്റെ ആലോചന ആദ്യമായി പ്രയോഗിച്ചു നോക്കി. അത് കുറിക്കു തന്നെ കൊള്ളുകയും ചെയ്തു. തന്റെ ആലോചന ആദ്യമായി പ്രായോഗികമായി പ്രവർത്തിച്ചു നോക്കിയത് സ്ത്രീയിലായിരുന്നു. സ്ത്രീ എന്ന് പറയുന്നത് ബലഹീന പാത്രമാണല്ലോ. അവരെ കീഴടക്കുവാൻ വേഗത്തിൽ സാധിക്കും എന്ന് അവനറിയാം. മനുഷ്യഹൃദയത്തിന്റെ ആലോചന എന്താണെന്ന് ബാഹ്യമായ ചില ലക്ഷണങ്ങൾ കൊണ്ട് മനസ്സിലാക്കിയ സാത്താൻ തന്റെ ആലോചനയെ അവളുടെ മേൽ അടിച്ചേൽപ്പിക്കുവാൻ ശ്രമിക്കുന്നു. സ്ത്രീയിൽ ആദ്യം പ്രയോഗിച്ചത് സംശയത്തിന്റെ ആലോചനയാണ്. അത് ശരിക്കും പ്രയോജനപ്പെടുകയും ചെയ്തു. ആലോചനയിൽ വലിയവനായ ദൈവത്തിന്റെ ആലോചനയെ അതുമൂലം അവൾ മറന്നു കളഞ്ഞു. അത് മാത്രമല്ല തന്റേതായ ഒരു ആലോചനയെ അവൾ കൂട്ടിച്ചേർത്തു സാത്താനെ അറിയിക്കുകയും ചെയ്തു. അപ്പോൾ സാത്താൻ മനസ്സിലാക്കി എന്റെ ആലോചന ശരിക്കും ഫലിക്കാൻ തുടങ്ങിയിട്ടുണ്ടെന്ന്. ദൈവം പോലും പറയാത്ത ഒരു വാക്ക് മനുഷ്യൻ കൂട്ടിച്ചേർത്ത് സാത്താന്റെ മുമ്പാകെ കാര്യങ്ങൾ വെളിപ്പെടുത്തിയിരിക്കുന്നു. ദുഷ്ടന്റെ ആലോചനയുടെ പരിണത ഫലം ആണ് നാം ഇന്നും അനുഭവിക്കുന്നത്.

ഇനി സാത്താൻ തന്റെ ആലോചന കുറച്ചുകൂടെ കട്ടികൂട്ടി ഉപദേശിപ്പാൻ തീരുമാനിച്ചു. സൂചി ഓടിക്കുവാൻ സന്ദർഭം കിട്ടിയാൽ അതിലൂടെ നോക്കഴി ഓടിക്കുവാൻ ശ്രമിക്കുന്നവനാണ് അവൻ. ദൈവം പറഞ്ഞു തിന്നുന്ന നാളിൽ നിങ്ങൾ മരിക്കും എന്ന്. ആ നിമിഷം മുതൽ അവളുടെ മനസ്സിൽ കടന്നു കൂടിയ വലിയ ആഗ്രഹം മരിക്കാതെ ജീവിക്കണം എന്നാണ്. സ്ത്രീയല്ലെ, എന്തിനെയും തന്റെ കൈവെള്ളയിൽ ഒതുക്കുവാൻ ആഗ്രഹിക്കുന്നവളാണ്. അതിന് ഏന്തു ത്യാഗം സഹിക്കുവാനും തയ്യാറാണ്. ബേത്‌ലഹേമിൽ ക്ഷാമം വന്നപ്പോൾ മരിക്കാതെ ജീവിച്ചിരിക്കുന്നതിന് വേണ്ടിയാണ് മോവാബിലേക്ക് നവോമിയും കുടുംബവും കടന്നുപോയത്. അങ്ങനെ ആഗ്രഹിക്കുന്ന ആത്മാക്കളെ തൃപ്തിപ്പെടുത്തുന്ന ഒരു പുതിയ ആശയവുമായി സാത്താൻ രംഗപ്രവേശം നടത്തുന്നു. അവളോട് പറഞ്ഞു, 'നിങ്ങൾ മരിക്കയില്ല' നിശ്ചയം. ഇനി ഇതിലും വലിയ ഒരു വാഗ്ദത്തം വേറെ എവിടെ നിന്ന് ലഭിക്കും. ദൈവം പറഞ്ഞു "നിങ്ങൾ മരിക്കും" എന്ന്; നിശ്ചയം തന്നെ എന്ന് പറഞ്ഞില്ല. എന്നാൽ സാത്താൻ പറഞ്ഞു 'മരിക്കയില്ല നിശ്ചയം' എന്ന്. അപ്പോൾ കുറെക്കൂടെ വിശ്വസിക്കാൻ ഇതല്ലെ നല്ലത് എന്ന് അവൾ കരുതി കാണും. നമ്മൾ ആയാലും ചിലപ്പോൾ അങ്ങനെ ചിന്തിച്ചു എന്നു വരാം. സ്ത്രീയല്ലെ! 'കാക്ക കണ്ടറിയും, കൊക്ക് കൊണ്ടറിയും' എന്നാണ് ചൊല്ല്. അതാണ് ഇവിടെയും സംഭവിച്ചത്.

ദൈവത്തിന്റെ ആലോചന ഏതു സമയത്തും ഒരു ദൈവപൈതലിന് ഉണ്ടായിരിക്കും. അവന്റെ വഴി അടഞ്ഞു നിൽക്കുന്ന നേരത്തും, പ്രതിസന്ധി വേളകളിലും ദൈവിക ആലോചന അവനെ നേരായ പാതയിൽ നടക്കുവാൻ സഹായിക്കുന്നു. യെശയ്യാവ് 30-ന്റെ 21-ൽ നാം ഇങ്ങനെ കാണുന്നു, "നിങ്ങൾ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ വഴി ഇതാകുന്നു ഇതിൽ നടന്നുകൊൾവിൻ എന്നൊരു വാക്ക് പിറകിൽ നിന്ന് കേൾക്കും." ഈ ആലോചനയെ നിരസിച്ച് മുന്നോട്ട് പോകുന്നവൻ ശരിയായ ദിശയിൽ എത്തിച്ചേരുകയില്ല. അത് തിന്നുന്ന നാളിൽ നിങ്ങളുടെ കണ്ണുകൾ തുറക്കും. അത് ഒരളവിൽ തുറന്നു – കണ്ടതോ തേജസ്സിന്റെ വസ്ത്രം നഷ്ടമാകുകയും ഒറിജിനൽ ശരീരത്തിന്റെ നഗ്നമായ അവസ്ഥയും ആണ്. ദൈവിക ആലോചനയുടെ മഹത്വം കളഞ്ഞു കുളിച്ചവന്റെ അവസ്ഥ എത്രയോ ദുഃഖകരമാണ്. ഓരോ ദിവസവും ദൈവിക ആലോചനയുടെ വെളിച്ചത്തിൽ നടക്കുവാൻ ഈ ദുഷ്ടലോകത്തിൽ ദൈവം ഇടയാക്കട്ടെ. അതിന് നമ്മുടെ ഹൃദയം ദൈവത്തിൽ ഏകാഗ്രമായിരിക്കട്ടെ.

**ദൈവം പറഞ്ഞു "നിങ്ങൾ മരിക്കും" എന്ന്; നിശ്ചയം തന്നെ എന്ന് പറഞ്ഞില്ല. എന്നാൽ സാത്താൻ പറഞ്ഞു 'മരിക്കയില്ല നിശ്ചയം' എന്ന്. അപ്പോൾ കുറെക്കൂടെ വിശ്വസിക്കാൻ ഇതല്ലെ നല്ലത് എന്ന് അവൾ കരുതി കാണും.**

# മരണത്തിന്റെ മഹത്വം

**സാബു വർഗീസ്, പള്ളിപ്പാട്**

ലോകത്തിൽ സകലരും ഭയപ്പെടുന്നതും എന്നാൽ ഒഴിച്ചു കൂടാനാവാത്തതുമായ അവസ്ഥയാണ് മരണം. ഭൂമിയിൽ വിവിധ തലങ്ങളിൽ ജീവിക്കുന്നവർ മരണത്തിന്റെ മുമ്പിൽ തുല്യരാകുന്നു. പണ്ഡിതനും പാമരനും, ധനികനും ദരിദ്രനും തുടങ്ങിയ സകല വിഭാഗങ്ങൾക്കും ഒരുപോലെ നിശ്ചയിക്കപ്പെട്ടിരിക്കുന്നതാണ് മരണം. സകലത്തെയും നിയന്ത്രിക്കുവാൻ സാധിക്കുന്ന മനുഷ്യന് വിധേയമല്ലാത്ത ഒരു കാര്യമാണ് ഇത്. ഓരോ വ്യക്തിയും മരിക്കാൻ ഭയപ്പെടുന്നു. അതിനെക്കുറിച്ച് കേൾക്കുവാൻ ദുഃഖിക്കുന്നു. മരണം എന്നാൽ വേർപാട് ആണ്.

ദൈവ വചനം രണ്ടു വിധം മരണത്തെക്കുറിച്ച് പറയുന്നു, ആത്മിക മരണവും ശാരീരിക മരണവും. ജീവന്റെ സ്രഷ്ടാവും ഉടയവനുമായ ദൈവം, തന്റെ കല്പന ലംഘിച്ചാൽ നീ മരിക്കും (ഉല്പ. 2:17) എന്ന് ആദാമിനോട് പറയുന്നതാണ് വചനത്തിൽ ആദ്യമായി മരണത്തെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നത്. ശാരീരിക മരണം വിവിധ തരത്തിലുള്ളതായി നമുക്ക് കാണാം. കൊലപാതകം, പ്രായശ്ചിത്ത മരണം അഥവാ യാഗമരണം, ശിക്ഷാമരണം, സ്വാഭാവിക മരണം.

മരണം വേർപാടിനെ കാണിക്കുന്നു. ആയിരിക്കുന്ന അവസ്ഥയിൽ നിന്ന് മറ്റൊരു അവസ്ഥയിലേക്കുള്ള മാറ്റമാണ് മരണം. ദൈവവചനം പറയുന്നു "പാപത്തിന്റെ ശമ്പളം മരണമത്രെ." ഇതു തന്നെയാണ് ആദ്യകല്പനയിൽ പറഞ്ഞിരിക്കുന്നതും. ദൈവകല്പന ലംഘിച്ചപ്പോൾ, അഥവാ അനുസരണക്കേടു കാട്ടിയപ്പോൾ ആദ്യമനുഷ്യർ മരിച്ചു. ദൈവിക തേജസ്സിൽ, ദൈവത്തിന്റെ സഖിത്വത്തിൽ വസിച്ചിരുന്നവൻ വേർപെട്ട് പാപമൂർത്തിയായ സാത്താന്റെ അധീനതയിൽ ആയിത്തീർന്നു. ഇതാണ് ആദ്യമരണമായ ആത്മിക മരണം. പിൻതുടർന്ന തലമുറകൾ എല്ലാം തന്നെ പാപലോകത്തിലാണ് ജനിച്ചത്.

ദൈവം തന്റെ സദൃശത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനെ പാപലോകത്തു നിന്നു വിടുവിക്കുവാൻ ആഗ്രഹിച്ച് ഒരുക്കിയ മാർഗ്ഗം ആയിരുന്നു യാഗങ്ങൾ. അവിടെയും അശുദ്ധിയിൽ നിന്നുള്ള മോചനത്തിന് മരണം ആവശ്യമായിരുന്നു. മനുഷ്യന്റെ പാപത്തിന്റെ പരിഹാരമായി അനേകം പക്ഷികളെയും മൃഗങ്ങളെയും യാഗമാക്കി തീർത്തു. തന്റെ പാപത്തിന്റെ ശിക്ഷ ഒരു സാധുജീവി അനുഭവിക്കുന്നതു കണ്ടിട്ടുപോലും മനുഷ്യൻ, വേർപെടാൻ തയ്യാറാകാതെ പാപത്തിന്റെ മ്ലേച്ഛതയിൽ ഉല്ലസിച്ചു. മൃഗങ്ങളുടെ ജീവൻ പോയതല്ലാതെ മനുഷ്യന്റെ വേർപാട് നടന്നില്ല. സ്നേഹം തന്നെയായ ദൈവം മനു

➤ശേഷം 2-ാം പേജിൽ

**വീട്ടുകാരെ പിരിയുന്നതിൽ ദുഃഖം ഉണ്ടെങ്കിലും വിവാഹനാളിനായി ആകാംക്ഷയോടെ ആയിരിക്കുന്ന മണവാട്ടിയുടെ അവസ്ഥയാണ് ഒരു ദൈവപൈതലിന് മരണത്തോടുള്ള ബന്ധത്തിൽ ഉണ്ടായിരിക്കേണ്ടത്.**

## വൈ. എം. ഇ. എഫ്. ഏകദിന കുടുംബ സമ്മേളനം

**കണ്ണൂർ:** കണ്ണൂർ യൂണിറ്റ് വൈ.എം.ഇ.എഫിന്റെ ആഭിമുഖ്യത്തിലും പയ്യന്നൂർ ബ്രദറൺ അസംബ്ലിയുടെ സഹകരണത്തിലും 2016 ജനുവരി 26-ന് രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെ പയ്യന്നൂർ ഗ്രാന്റ് ദുബായ് ഓഡിറ്റോറിയത്തിൽ (പയ്യന്നൂർ കണ്ടോത്ത് ഗവ. ആയുർവ്വേദ ഹോസ്പിറ്റലിന് സമീപം) വച്ച് ഏകദിന കുടുംബസമ്മേളനം നടക്കുന്നതാണ്. സഹോ. ചാണ്ടപ്പിള്ള ഫിലിപ്പ് (കോട്ടയം) ക്ലാസ്സുകളെടുക്കും. ഈ സമ്മേളനത്തിന്റെ അനുഗ്രഹത്തിനായി ദൈവജനം പ്രാർത്ഥിച്ചാലും.

*റിജോയ് കെ. ജോൺ*
(സെക്രട്ടറി), 9562695956




**എല്ലാ മാന്യ വായനക്കാർക്കും പുതുവത്സരാശംസകൾ**

**കെട്ടിലും മട്ടിലും പുതുമയോടെ ഈ ലക്കം മുതൽ സുവിശേഷധ്വനി....**



**ഉൾപ്പേജുകളിൽ**


- ക്രിസ്മസും പുതുവത്സരവും 2
- വിചാരണ 3
- ഒറീസയിൽ... 4
- ക്രിസ്/മഹത്വത്തിൽ 5
- ബാലപംക്തി 6

SUVISESHA DHWANI
സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക
2016 ജനുവരി 02 / പുസ്തകം 38, ലക്കം 11

എഡിറ്റോറിയൽ

# ക്രിസ്മസ്സും പുതുവത്സരവും

ഒരു പുതുവർഷത്തിന്റെ ആദ്യപാദത്തിൽ നാം വന്നെത്തിയിരിക്കുമ്പോഴാണല്ലോ സുവിശേഷധ്വനി നിങ്ങളുടെ കൈകളിലിരിക്കുന്നത്. മാന്യവായനക്കാർക്ക് സുവിശേഷധ്വനിയുടെ പുതുവത്സരാശംസകൾ. ക്രൈസ്തവ ലോകം ഒരു ക്രിസ്മസ്സ് കൂടെ ആഘോഷപൂർവ്വം കൊണ്ടാടിയിരിക്കയാണല്ലോ. വീടുകളുടെ മട്ടുപ്പാവിൽ നക്ഷത്രത്തിളക്കം, ഉമ്മറത്തു അലങ്കരിച്ച പുൽക്കൂട്, വീട്ടിനകത്ത് സമൃദ്ധമായ ഭക്ഷ്യവിഭവങ്ങൾ, പുറത്തു സമ്മാനങ്ങൾ കൊടുക്കൽ വാങ്ങൽ എല്ലാം തകൃതിയായി നടന്നു കഴിഞ്ഞു. എന്നാൽ ഇതാണോ സാക്ഷാൽ ക്രിസ്മസ്സ് അനുഭവമെന്ന് ഒന്നു വിലയിരുത്തുന്നതു പ്രയോജനകരമാണ്. കർത്താവിന്റെ ജനനദിവസമോ ജനനസ്ഥലമോ അല്ല വാസ്തവത്തിൽ പ്രാധാന്യമുള്ളത്. ഇതിനെല്ലാം പ്രവചനപരമായി പ്രാധാന്യമുണ്ടെന്നുള്ള കാര്യം വിസ്മരിക്കുന്നില്ല. കർത്താവിന്റെ ജനനവിധം അതിപ്രധാനമാണ്. യേശുക്രിസ്തുവിന്റെ ജനനം ഈ വണ്ണം ആയിരുന്നു (മത്താ. 1:18) മത്താ. 1:16-ൽ അവളിൽ നിന്നും ക്രിസ്തു എന്നു പേരുള്ള യേശു ജനിച്ചു. ലൂക്കോസ് 1: 35-ൽ ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധ പ്രജ ദൈവപുത്രൻ എന്നു വിളിക്കപ്പെടും. ഈ വേദഭാഗങ്ങളിൽ കർത്താവിന്റെ കന്യകാജനനത്തേയും പാപപരിഹാരയാഗമായി തീരുന്നതിനുള്ള വിശുദ്ധിയെയും വെളിപ്പെടുത്തുന്നു. പാപപരിഹാരത്തിനു ഇങ്ങനെ ഒരു ജനനം അനിവാര്യമാണ്. സുവിശേഷം അറിയിക്കുമ്പോൾ കർത്താവിന്റെ കന്യകാജനനം മരണം ഉയിർത്തെഴുന്നേല്പ് എന്നിവ അഭിവാജ്യ ഘടകങ്ങളാണ്. പൗലോസ് സുവിശേഷത്തെക്കുറിച്ച് പറയുന്നത് ദാവീദിന്റെ സന്തതിയായി ജനിച്ചു മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തുവിനെ ഓർത്തുകൊൾവിൻ എന്നാണ്. കർത്താവിന്റെ ദൂതൻ അറിയിച്ച സുവിശേഷം ലൂക്കോസ് 2:10-ൽ രേഖപ്പെടുത്തിയിരിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ്. പുൽക്കൂട്ടിൽ പിറന്ന ശിശുവിനെ കർത്താവ്, ക്രിസ്തു, രക്ഷിതാവ് എന്നു ഹൃദയത്തിൽ സ്വീകരിക്കുമ്പോഴാണ് മഹാസന്തോഷം. ഇതാണ് യഥാർത്ഥ ക്രിസ്മസ്സ് അനുഭവം.

വേർപെട്ട ദൈവജനം ക്രിസ്മസ് കരോൾ നടത്താറില്ല. ക്രിസ്മസ്സ് ആഘോഷിക്കാറില്ല. എന്നാൽ ഇന്നാളുകളിൽ വേർപെട്ട ദൈവമക്കളിൽ ചിലർ സഭകളിലെ ചുമതലപ്പെട്ടവരുടെ ആശീർവാദത്തോടെ കരോൾ നടത്തുന്നുവെന്നത് വേദനാജനകമാണ്. വാദത്തിനായി സുവിശേഷമറിയിക്കുന്നുവെന്നു അവകാശപ്പെട്ടാൽ പോലും ഡിസം. 24 നോ 25 നോ മാത്രം ചെയ്യേണ്ടതാണോ ഇത്. ക്രിസ്മസ്സ് ആഘോഷങ്ങളും നമ്മുടെ ചിലഭവനങ്ങളിൽ അരങ്ങേറുന്നു എന്നത് സങ്കടകരമാണ്. ആഘോഷമില്ലെന്നു പറയുന്നവർ പോലും നാമധേയ ക്രൈസ്തവരുടെയും മറ്റും ആഘോഷങ്ങളിൽ പങ്കു ചേർന്നു തിന്നുകയും കുടിക്കയും ഉല്ലാസയാത്രകൾ നടത്തുകയും ചെയ്യുന്നത് നാം ഗൗരവത്തോടെ കണ്ടേ മതിയാകൂ. ഇങ്ങനെയുള്ള വ്യർത്ഥ കാര്യങ്ങളിൽ നാം ഏർപ്പെടുന്നത് വേർപാട് വിശ്വാസത്തെ പരിഹസിക്കലാണ്.

നമ്മുടെ മിക്കസഭകളിലും ഡിസം. 31-ഉം ജനു. 1 ഉം പ്രധാനപ്പെട്ട ദിവസങ്ങളായിട്ടാണ് കണക്കാക്കുന്നത്. ഈ ദിവസങ്ങളിൽ കഴിഞ്ഞ വർഷത്തെ ജീവിതാനുഭവങ്ങൾ വിലയിരുത്തി പുനഃസമർപ്പണം ചെയ്തു പുതുവർഷത്തിലേക്കു പ്രവേശിക്കുകയാണു ചെയ്യുന്നത്. ഈ ആത്മ പരിശോധനയും സമർപ്പണവും യഥാർത്ഥമായി നമ്മുടെ ഹൃദയത്തിന്റെ ആഴത്തിൽ നിന്നുളവാകുന്നതായിരുന്നെങ്കിൽ നമ്മുടെ കുടുംബങ്ങളും സഭകളും എത്രയോ അനുഗ്രഹിക്കപ്പെടുമായിരുന്നു. എന്നാൽ ഇവ ഈ ദിനങ്ങളിലെ വെറും അധരജല്പനങ്ങൾ മാത്രമായിരുന്നുവെന്നതു അടുത്ത വർഷത്തെ സാക്ഷ്യങ്ങൾ വെളിവാക്കുന്നു. അനുതാപവും സമർപ്പണവും ഉണ്ടാകേണ്ടത് വർഷത്തിൽ ഒരിക്കലോ? അതിന് പ്രത്യേക ദിവസം വേണമോ? ഇതാണോ കർത്താവ് നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്നത്? അനുദിന ജീവിതത്തിൽ ദൈവാത്മാവും ദൈവവചനവും നമ്മുടെ പാപങ്ങളെയും വഴിവിട്ട ജീവിതങ്ങളെയും ഓർമ്മപ്പെടുത്തുമ്പോൾ തന്നെയല്ലേ അനുതാപത്തോടെ മടങ്ങിവരേണ്ടതും പുനഃസമർപ്പണം ചെയ്യേണ്ടതും. വർഷത്തിന്റെ അവസാനവും ആരംഭവും വേർപെട്ട ദൈവജനത്തിനു ആചാരമായി മാറിയിരിക്കുന്നുവോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. വർഷത്തിന്റെ മറ്റു ദിവസങ്ങളിൽ എവിടെയായിരുന്നാലും ഈ ദിവസങ്ങളിൽ സഭയിൽ ഉണ്ടാകണം എന്ന നിർബന്ധബുദ്ധി. വൈ.എം.ഇ.എഫ്. നടത്തുന്ന ഉത്തര ഭാരത സുവിശേഷ കാമ്പയിനിൽ ആളുകളെ കിട്ടാൻ വിഷമിക്കുന്നത് അധികം ഡിസംബർ, ജനുവരി മാസങ്ങളിലാണ്. പലരും പറയുന്നത് വർഷാവസാനവും വർഷാരംഭവും. ഒരിക്കലും സുവിശേഷം കേട്ടിട്ടില്ലാത്ത ആളുകളെ സുവിശേഷം കേൾപ്പിക്കാനുള്ള ഈ ഉദ്യമത്തിൽ ഭാഗവാക്കുകളാകാതിരിക്കാൻ മാത്രം പ്രത്യേകത ഈ ദിവസങ്ങൾക്കുണ്ടോ? ഇതൊരാചാരമായിത്തീർന്നുവോ എന്നു ഭയപ്പെടുന്നു. സഭയായിട്ടുള്ള കൂടിവരവുകളെ അവഗണിക്കാൻ പാടില്ലെന്നു നിർബന്ധമുള്ളയാളാണ് എഴുത്തുകാരമനെന്ന് പ്രസ്താവിച്ചുകൊള്ളട്ടെ. എന്നാൽ സഭാവിശ്വാസികളും നേതൃത്വവും വിവേകത്തോടും വിവേചനത്തോടും ഇതു കരുതിക്കൊണ്ടാൽ ഏറെ നന്നായിരുന്നു.

നമ്മുടെ സഭകളിൽ വർഷാവസാനമുള്ള സാക്ഷ്യയോഗങ്ങളിൽ മിക്കപ്പോഴും പറഞ്ഞു കേൾക്കാറുള്ളത് “ഈ വർഷം കർത്താവിനു വേണ്ടി ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. പുതുവർഷം എന്തെങ്കിലും ചെയ്യാൻ ആഗ്രഹം. കർത്താവു വിശ്വസ്തനായിരുന്നു തങ്ങൾ അവിശ്വസ്തർ.” യഥാർത്ഥമായ കുറ്റബോധത്തിലുള്ള ഏറ്റു പറച്ചിലാണെങ്കിൽ എന്തെങ്കിലും ചെയ്യാനല്ല കർത്താവാഗ്രഹിക്കുന്നതാണ് ചെയ്യേണ്ടത്. അതിനു ദൈവവചനത്തിലേക്കു മടങ്ങിവരണം. അവിശ്വസ്തനായിരുന്നെങ്കിൽ വിശ്വസ്തനാകണം. കർത്താവിന്റെ കല്പനകളെ അനുസരിക്കുന്നവരെയാണ് കർത്താവു വിശ്വസ്തനെന്ന് എണ്ണുന്നത്. പുനഃസമർപ്പണത്തിൽ വലിയകാര്യങ്ങളിലാണ് പലരുടെയും ശ്രദ്ധ. കർത്താവിന്റെ വേലയ്ക്കു വേണ്ടി കൊടുക്കുന്നത്, കർത്താവിന്റെ വേലയിൽ കടന്നുപോയി സഹകരിക്കുന്നത്, ഇതെല്ലാം വലിയവ തന്നെ. എന്നാൽ ചെറിയവ എന്നു നമുക്കു തോന്നുവ പലതും ദൈവസന്നിധയിൽ വലിയവയാണ്. വ്യക്തിപരമായി നമ്മുടെ അശ്രദ്ധ കൊണ്ടും മടികൊണ്ടും വചനപഠനവും പ്രാർത്ഥനയും മുടങ്ങിയിട്ടില്ലെ? കുടുംബപ്രാർത്ഥനയ്ക്ക് മുടക്കം വരികയോ കുടുംബമായി കൂട്ടായ്മയ്ക്കുള്ള അവസരം നഷ്ടപ്പെടുകയോ ചെയ്തിട്ടില്ലെ. ഇവിടെ നമുക്കൊരു പുനഃസമർപ്പണം ചെയ്യാൻ കഴിഞ്ഞിരുന്നെങ്കിൽ. സഭയോടുള്ള ബന്ധത്തിൽ എത്രയോ വീഴ്ചകൾ പോയ വർഷം ഉണ്ടായിട്ടുണ്ട്. എത്ര പ്രാവശ്യം നാം സഭായോഗങ്ങൾക്കു താമസിച്ചു വരികയോ ചിലത് ഉപേക്ഷയായിട്ട് കണക്കാക്കുകയോ ചെയ്തിട്ടുണ്ട്. സഭായോഗങ്ങൾ തീരും മുമ്പേ മറ്റാവശ്യങ്ങൾക്കായി നാം പോയിട്ടില്ലേ. സഭായോഗങ്ങൾ കഴിഞ്ഞാൽ മറ്റാരേയും ശ്രദ്ധിക്കാതെയും സംസാരിക്കാതെയും സ്ഥലം വിട്ട സന്ദർഭങ്ങൾ ഉണ്ടായിട്ടില്ലേ. സഭായോഗങ്ങൾ കഴിഞ്ഞാൽ നിമിഷങ്ങൾക്കകം സഭാഹാൾ വിജനമാകുന്നതിന്റെ ഉത്തരവാദി നാമും കൂടെയല്ലേ. ഹഗ്ഗായി പ്രവാചകന്റെ വാക്കുകൾ ഇവിടെ ഒത്തു വരുന്നില്ലെ. “എന്റെ ആലയം ശൂന്യമായി കിടക്കയും നിങ്ങൾ ഓരോരുത്തനും താന്താന്റെ വീട്ടിലേക്കു ഓടുകയും ചെയ്യുന്നു” (ഹഗ്ഗാ. 1:9). ആത്മിക ശുശ്രൂഷകളിൽ കർത്താവു നല്കിയിട്ടുള്ള കൃപാവരങ്ങൾ ജ്വലിപ്പിക്കുന്നുണ്ടോ? കർത്താവു നല്കാത്ത കൃപാവരങ്ങളിൽ കണ്ണു വച്ചിട്ടുണ്ടോ? സഭയുടെ ഭൗതിക ശുശ്രൂഷകളിൽ നാം നിസ്സംഗത പുലർത്താറുണ്ടോ? സഭയിലെ സാധുക്കളായവരും കൃപയ്ക്കു കൂട്ടവകാശികളെന്നെണ്ണി ബഹുമാനിക്കാറുണ്ടോ? ഈ പുതുവർഷത്തിൽ നമുക്കു യഥാർത്ഥമായ അനുതാപത്തിലേക്കും മാനസാന്തരത്തിലേക്കും സമർപ്പണത്തിലേക്കും മടങ്ങിവരാം നമ്മെത്തന്നെ ചതിക്കാതെ ദൈവഹിതം നിവർത്തിക്കുന്നവരാകാം. അങ്ങനെയെങ്കിൽ 2016 നമുക്കും നമ്മുടെ സഭകൾക്കും അനുഗ്രഹത്തിന്റെ വർഷമാകും. ദൈവമായ കർത്താവു നമ്മെ സഹായിക്കുമാറാകട്ടെ.

**പി.റ്റി. ജോൺ**

➤ 1-ാം പേജിൽ നിന്നും തുടർച്ച

## മരണത്തിന്റെ മഹത്വം

ഷ്യന്റെ പാപത്തിന്റെ പൂർണ്ണ പരിഹാരത്തിനായി തന്റെ പുത്രനെ ഈ ലോകത്തിലേക്കു അയച്ചു യാഗമാക്കി തീർത്തു. കാൽവറി യാഗത്തിൽ വിശ്വസിച്ച് കർത്താവിനെ സ്വീകരിക്കുന്നവർക്ക് ആത്മിക മരണത്തിൽ നിന്നുള്ള വിടുതൽ ദൈവം കല്പിച്ചു.

മരണം ഒരുവശത്ത് ദുഃഖവും മറുഭാഗത്ത് സന്തോഷവും നല്കുന്നു. ആദ്യമരണത്തിൽ (ആത്മിക മരണം) ദൈവം ദുഃഖിക്കുകയും സാത്താൻ സന്തോഷിക്കുകയും ചെയ്തു. എന്നാൽ കാൽവറി മരണത്തിൽ ദൈവം സന്തോഷിക്കുകയും സാത്താൻ ഭയപ്പെടുകയും ചെയ്തു. കർത്താവിൽ വിശ്വസിച്ച് രക്ഷിക്കപ്പെടുമ്പോൾ ഒരു വ്യക്തി തന്റെ ‘ആത്മിക മരണ’ത്തിലൂടെ കടന്നുപോകുന്നു, പാപത്തിൽ മരിച്ച് ജീവനിൽ ഉയിർക്കുന്നു. പിശാചിന്റെ സന്തതി എന്നതിൽ നിന്നു വേർപെട്ട് ദൈവപൈതൽ ആയിത്തീരുന്നു. ഇവിടെ ദൈവത്തിനും ദൈവപൈതലിനും സന്തോഷം ഉളവാക്കുന്ന മരണമാണ് സംഭവിക്കുന്നത്.

ദൈവമക്കളെ സംബന്ധിച്ച് ശാരീരിക മരണവും സന്തോഷ അനുഭവം തന്നെയാണ്. സാത്താന്റെ അധീനതയിൽ കഴിയുന്ന ഈ ലോകത്തിൽ നിന്ന് ദൈവസന്നിധിയിലേക്കു മാറ്റപ്പെടുന്നു. കഷ്ടതയിൽ നിന്ന് നിത്യാനന്ദത്തിലേക്ക് ചേർക്കപ്പെടുന്നു. അതുകൊണ്ടാണ് അപ്പൊസ്തലനായ പൗലോസ് “പ്രത്യാശയില്ലാത്തവരെപ്പോലെ ദുഃഖിക്കരുത്” എന്നു പറഞ്ഞിരിക്കുന്നത്.

എല്ലാ വേർപാടും കൂടെയുള്ളവർക്കു ദുഃഖകരമാണ്. മക്കൾ നല്ലൊരു ജോലിക്കായി ഭവനത്തിൽ നിന്ന് പോകുമ്പോൾ അല്ലെങ്കിൽ വിവാഹശേഷം പുതിയ ഒരു കുടുംബമാകുമ്പോഴും ഉണ്ടാകുന്ന വേർപാട് ദുഃഖം നല്കുന്നു. അവരുടെ അസാന്നിധ്യമാണ് അതിന് കാരണം. അത് നാം ആഗ്രഹിച്ചതും അനുഗ്രഹകരമായ വേർപാടാണെന്നും നമുക്ക് നന്നായി അറിയാം. അതിനാൽ ആ വേളകളിൽ നാം നിലവിളിക്കാറില്ല. മക്കളെ, പ്രത്യേകാൽ പെൺമക്കളെ വിവാഹം കഴിപ്പിച്ച് അയയ്ക്കുമ്പോൾ ഉണ്ടാകുന്ന ദുഃഖം സന്തോഷത്തിൽ അടിസ്ഥാനമായ ഒന്നാണ്. അത് വൈകുന്തോറും പ്രിയപ്പെട്ടവർക്കു വേദന വർദ്ധിക്കും.

ഇതിനു തുല്യമാണ് ദൈവമക്കളുടെ ജീവിതത്തിലെ ശാരീരിക മരണം. മണവാട്ടി സഭയുടെ അംഗമായ വ്യക്തി ഓരോ നിമിഷവും തന്റെ പ്രിയനോടു ചേരുവാൻ വാഞ്ഛിക്കണം. ആ നാൾ അടുക്കുന്തോറും സന്തോഷപൂർണ്ണരായിരിക്കണം. വീട്ടുകാരെ പിരിയുന്നതിൽ ദുഃഖം ഉണ്ടെങ്കിലും വിവാഹനാളിനായി ആകാംക്ഷയോടെ ആയിരിക്കുന്ന മണവാട്ടിയുടെ അവസ്ഥയാണ് ഒരു ദൈവപൈതലിന് മരണത്തോടുള്ള ബന്ധത്തിൽ ഉണ്ടായിരിക്കേണ്ടത്.

മരണത്തിന്റെ മഹത്വം മനസ്സിലാക്കിയാൽ മാത്രമെ അതിൽ സന്തോഷിക്കുവാൻ കഴികയുള്ളു. കർത്താവിന്റെ കാൽവറി മരണത്തോടെ നമുക്ക് നിത്യജീവൻ ലഭിച്ചുവെങ്കിൽ നമ്മുടെ ശാരീരിക മരണത്തിലൂടെ ദൈവിക സാന്നിധ്യം നിത്യമായി ലഭിക്കും. നമുക്കായി ജീവൻ തന്ന പ്രാണപ്രിയനോടൊന്നിച്ച് നിത്യാനന്ദത്തിൽ വസിക്കുവാൻ കഴിയും. കർത്താവിന്റെ വരവിൽ പ്രഥമ സ്ഥാനം ശാരീരികമായി മരണപ്പെട്ട ദൈവമക്കൾക്കാണ്. അതുകൊണ്ടാണ് ഒരു ദൈവപൈതലിന്റെ മരണം മഹത്വമേറിയതാണ് എന്നു പറയുന്നത്.

ദൈവപൈതലിന്റെ മരണം പ്രതിഫലം ലഭിക്കുന്നതിനായി കർത്തൃസന്നിധിയിലേക്കു ചെല്ലുന്ന അവസ്ഥ

**പരീക്ഷ നന്നായി എഴുതിയ വ്യക്തി റിസൾട്ട് കാത്തിരിക്കുന്നതുപോലെ ആയിരിക്കണം നമ്മുടെ മരണത്തിനായുള്ള കാത്തിരിപ്പ്. ശരിയായി പ്രയത്നിക്കാത്തവനു റിസൾട്ട് ലജ്ജാകരം ആയിത്തീരും.**

കൂടിയാണ്. പരീക്ഷ നന്നായി എഴുതിയ വ്യക്തി റിസൾട്ട് കാത്തിരിക്കുന്നതുപോലെ ആയിരിക്കണം നമ്മുടെ മരണത്തിനായുള്ള കാത്തിരിപ്പ്. ശരിയായി പ്രയത്നിക്കാത്തവനു റിസൾട്ട് ലജ്ജാകരം ആയിത്തീരും. നമുക്കു നല്കിയിരിക്കുന്ന സമയം വ്യർത്ഥമാക്കാതെ, ഉത്തരവാദിത്തങ്ങൾ നിർവ്വഹിച്ച്, നിയമപ്രകാരം (വചനപ്രകാരം) ആയിരുന്നെങ്കിൽ മാത്രമെ മരണത്തിന്റെ മഹത്വം ആസ്വാദ്യമാവുകയുള്ളു. അല്ലെങ്കിൽ മോഡറേഷൻ ലഭിച്ചവരെപ്പോലെ ലജ്ജിതരായി നിൽക്കാം.

നാം ഈ ഭൂമിയിൽ നിന്ന് മാറ്റപ്പെടുമ്പോൾ, നമ്മെ സ്നേഹിച്ച് യാഗമായിത്തീർന്ന വീണ്ടെടുത്ത പ്രാണനാഥനോടൊപ്പമുള്ള നിത്യതയാണ് ദൈവമക്കളുടെ പ്രത്യാശ. ഇത് ജീവനുള്ള പ്രത്യാശയാണ്. അതുകൊണ്ടാണ് അനേക ദൈവമക്കൾക്കു സന്തോഷത്തോടെ ശാരീരിക മരണം അനുഭവിക്കുവാൻ കഴിഞ്ഞിട്ടുള്ളത്. അഗ്നികുണ്ഠത്തിലും, സിംഹക്കുഴിയിലും കാരാഗൃഹത്തിലും വാളിൻ മുനയിലും കുരിശിലും സന്തോഷത്തോടെ ദൈവത്തെ സ്തുതിച്ച വിശ്വാസവീരന്മാരുടെ ജീവിതാന്ത്യം നമുക്ക് മാതൃകയായിരിക്കട്ടെ.

വാക്കുകളിൽ മാത്രമല്ല പ്രായോഗികമായും പ്രത്യാശയുള്ളവരായി ജീവിക്കാം. നാം പറയുന്ന പ്രത്യാശ നമ്മുടെ ജീവിതത്തിൽ ഇല്ലെങ്കിൽ നമ്മുടെ പ്രത്യാശാവിഷയമായ കർത്താവിനെ ലോകത്തിനു മുമ്പിൽ ലജ്ജിതനാക്കുകയാണ് നാം ചെയ്യുന്നത്. കർത്താവ് വാക്കുകളിലൂടെ മാത്രമല്ല, തന്റെ ജീവനെ നമുക്കു പകരം കാൽവറിയിൽ യാഗമാക്കിയാണ് നമ്മെ സ്നേഹിച്ചത്. ദൈവവചനം അടിസ്ഥാന പ്രമാണമാക്കി പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൽ ഈ ഭൂമിയിൽ ജീവിച്ചെങ്കിൽ മാത്രമെ പ്രത്യാശയോടെയും സന്തോഷത്തോടെയും മരണത്തെ സ്വീകരിക്കുവാൻ കഴിയുകയുള്ളു. അങ്ങനെ നമ്മുടെ മരണത്തിലൂടെയും ദൈവത്തെ മഹത്വപ്പെടുത്താം.

| | | |
|---|---|---|
| ചീഫ് എഡിറ്റർ | : | സാജു പി. സ്റ്റീഫൻ |
| അസോ. എഡിറ്റർ | : | സാമുവൽ തോമസ് |
| മാനേജിംഗ് എഡിറ്റർ | : | സാംസൺ സാമുവൽ |
| സർക്കുലേഷൻ മാനേജർ | : | എ.ഡി. ജെയിംസ് |
| വാർഷിക വരിസംഖ്യ | | |
| ഇന്ത്യയിൽ | : | ₹ 200/- |
| യു.എസ്.എ./കാനഡ | : | $ 75 |
| ഗൾഫ് നാടുകൾ | : | ₹ 2000/- |


വാർത്തകളും രചനകളും ഈ-മെയിൽ വഴിയോ, തപാലിലിലോ, നേരിട്ടോ അസ്സോസിയേറ്റ് എഡിറ്ററുടെ വിലാസത്തിൽ എത്തിക്കുക. വരിസംഖ്യയും സംഭാവനകളും മാനേജിംഗ് എഡിറ്ററുടെ വിലാസത്തിൽ അയക്കുക. പരസ്യങ്ങൾ സ്വീകരിക്കുന്നതല്ല.
ബാങ്ക് വിവരങ്ങൾ :
Bank of Baroda, Piravom, A/c. No. 25110100001429,
IFSC Code: BARB0PIRVOM
ഡി.ഡി.യും ചെക്കും 'സുവിശേഷധ്വനി' എന്നപേരിൽ മാത്രം അയക്കുക.
email : suviseshadhwani2011@gmail.com

**-: തിരുമൊഴി :-**

**“നോഹയുടെ കാലത്തു സംഭവിച്ചതുപോലെ മനുഷ്യപുത്രന്റെ നാളിലും ഉണ്ടാകും.”**

*ലൂക്കോസ് 17:26*

ഗോത്രങ്ങൾ തേടി..... 117




# റാവുള

**ജനസംഖ്യ** : 35,000

**സാക്ഷരത** : കുറവ്

**തിരുവചന ലഭ്യത : വേദപുസ്തക പരിഭാഷ ആരംഭിച്ചു**



കേരളത്തിലെ വയനാട് കർണ്ണാടകത്തിലെ കുർഗ്ഗ് എന്നീ പ്രദേശങ്ങളിൽ കൃഷിയേയും കാടിനേയും ആശ്രയിച്ചു കഴിഞ്ഞിരുന്ന ഒരു പുരാതന ഗിരിവർഗ്ഗമാണ് റാവുള. കാലക്രമേണ ഉടലെടുത്ത ജന്മിത്ത മുതലാളിത്ത മേല്ക്കോയ്മ വന്നപ്പോൾ ഇവർ സമൂഹത്തിലെ ഉയർന്ന ഹൈന്ദവരുടെ അടിമകളായി മാറി. ഈ കാലഘട്ടത്തിൽ കാടുകൾ നശിപ്പിച്ച് തുച്ഛമായ മുതൽ മുടക്ക് വേണ്ടിവരുന്ന തേയില, കാപ്പിത്തോട്ടങ്ങൾ ധാരാളം ഉടലെടുത്തു. റാവുള വർഗ്ഗക്കാരും മറ്റു ഗിരിവർഗ്ഗക്കാരും തോട്ടങ്ങളിലെ ചുരുങ്ങിയ ദിവസ വേതനം പറ്റുന്ന തൊഴിലാളികളായി മാറ്റപ്പെട്ടു. കാലപ്പഴക്കത്തിൽ സംസ്ഥാനത്ത് മറ്റ് പ്രദേശങ്ങളിൽ നിന്നും ആളുകൾ ഇവിടേക്കു കുടിയേറുകയും ഏറ്റവും മെച്ചമായ ഭൂമികൾ കൈക്കലാക്കുകയും ചെയ്തു. അങ്ങനെ ഭൂരഹിതരായ റാവുള വർഗ്ഗക്കാർ കുടിയേറ്റക്കാരുടെ പണിക്കാരായും തോട്ടം തൊഴിലാളികളായും ഉപജീവനത്തിനു വേണ്ടി വനത്തെ ആശ്രയിക്കുന്നവരുമായി ത്തീർന്നു.

തുടർന്ന് റാവുള വർഗ്ഗക്കാർ അടിമ എന്നർത്ഥമുള്ള 'അടിയാൻ' എന്നു വിളിക്കപ്പെടുവാൻ തുടങ്ങി. സർക്കാരിന്റെ പട്ടിക വർഗ്ഗ രേഖകളിൽ ഇവരുടെ യഥാർത്ഥ നാമമായ 'റാവുള'യ്ക്കു പകരം 'അടിയ' എന്നു തന്നെയാണ് ഉപയോഗിച്ചിരിക്കുന്നത്. 'പഞ്ചിരി യരവ്വോ' എന്നാണ് കർണ്ണാടകത്തിൽ ഇവർ അറിയപ്പെടുന്നത്.

ഇവരുടെ ജീവിത നിലവാരത്തിൽ കുറച്ച് പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും മിക്ക റാവുളകളും ഭാവിയെക്കുറിച്ചും ജീവിത ഭദ്രതയെക്കുറിച്ചും യാതൊരു ചിന്തയും ഇല്ലാതെ ജീവിക്കുന്നവരാണ്. ഇതിന്റെ ഫലമയി ഇവർ മദ്യപാനം, പുകവലി, മയക്കുമരുന്നുകൾ എന്നിവയ്ക്ക് അടിമകളാണെന്ന് മാത്രമല്ല അടുത്ത കാലത്ത് സിനിമാ കമ്പക്കാരുമായിരിക്കുന്നു. ഇതെല്ലാം ബുദ്ധിപരമായി ഉപയോഗിക്കാമായിരുന്ന ഇവരുടെ ധനത്തെ പാഴാക്കിക്കളയുന്നു.



**മിക്ക റാവുളകളും ഭാവിയെക്കുറിച്ചും ജീവിത ഭദ്രതയെക്കുറിച്ചും യാതൊരു ചിന്തയും ഇല്ലാതെ ജീവിക്കുന്നവരാണ്.**

ഒരിക്കൽ ഇവരുടെ സാക്ഷരതയെക്കുറിച്ചും മാതൃഭാഷയെക്കുറിച്ചും വിവരങ്ങൾ ശേഖരിക്കുന്നതിന് ഒരു പഠന സംഘം എത്തി.



അവരുടെ അന്വേഷണം റാവുള വർഗ്ഗക്കാരുടെ ഇടയിൽ വസ്മയമുളവാക്കി. അവർ പറഞ്ഞു, 'നിങ്ങളാണ് ഞങ്ങളുടെ ഭാഷയെക്കുറിച്ച് അന്വേഷിച്ചെത്തിയ ആദ്യ വ്യക്തികൾ. ഇനിയും നിങ്ങൾ ഇവിടെ വരുമോ?' അവർ ചോദ്യങ്ങൾ ആവർത്തിച്ചു. ഗവേഷണ സംഘത്തിന്റെ സന്ദർശനം റാവുള വർഗ്ഗക്കാരെ ആശ്ചര്യ ചകിതരാക്കിയെങ്കിലും അവർ ഈ പഠനത്തിന് വലിയ വില കല്പിച്ചു. റാവുളകൾ അധിവസിക്കുന്ന സംസ്ഥാനങ്ങളിലെ ഭാഷകളായ മലയാളത്തിലും കന്നടയിലും വേദപുസ്തകം ഉണ്ടെങ്കിലും തങ്ങളുടെ മാതൃഭാഷയിൽ വേദപുസ്തകം ലഭിക്കുകയാണെങ്കിൽ ഈ വർഗ്ഗക്കാർക്കു ദൈവിക സത്യങ്ങൾ കൂടുതൽ ആഴത്തിൽ ഗ്രഹിക്കുവാൻ സാധിക്കും.

റാവുള വർഗ്ഗക്കാരുടെ ഇടയിൽ ചെറുതായി ആരംഭിക്കപ്പെട്ടിരിക്കുന്ന സഭയുടെ വളർച്ചയ്ക്ക് ഇവരുടെ മാതൃഭാഷയിലുള്ള വേദപുസ്തകം അത്യന്താപേക്ഷിതമാണ്. കാരണം എഴുതപ്പെട്ട ദൈവവചനം അവരുടെ ചിന്താഗതിയെയും ജീവിതചര്യയെയും മാത്രമല്ല, ഭാവിയെക്കുറിച്ചുള്ള കാഴ്ചപ്പാടും മാറ്റിമറിക്കും.

### പ്രാർത്ഥനയ്ക്കായി

- റാവുളകളുടെ ഇടയിൽ സാമൂഹികമായ രൂപാന്തരം ഉണ്ടാകുവാൻ വേണ്ടി...
- വിദ്യാഭ്യാസത്തിനുള്ള അവസരം റാവുള വർഗ്ഗക്കാർ ശരിക്കും പ്രയോജനപ്പെടുത്തുവാൻ, സ്കൂളിലും കോളേജിലും കുട്ടികൾ പഠനം തുടരുവാൻ...
- സഭാസ്ഥാപനത്തിനും, ദൈവസന്ദേശം പങ്കുവയ്ക്കേണ്ടതിനും റാവുള ഗോത്രക്കാർ തന്നെ മുൻകൈയ്യെടുക്കേണ്ടതിന് ദൈവം വഴികൾ ഒരുക്കേണ്ടതിന്...
- മാതൃഭാഷക്കാരായ പരിഭാഷാസംഘം കൂടുതൽ ഉണർവ്വോടെ പ്രവർത്തിക്കുന്നതിനും കൃത്യമായി ദൈവവചനം പരിഭാഷപ്പെടുത്തുന്നതിനു വേണ്ടിയും...

**ഇ.ജെ.പി.** (കടപ്പാട്: എൻ.എൽ.സി.ഐ.)

വിചാരണ



# ദൈവം നമ്മുടെ ആരാധനകൾ എല്ലാം സ്വീകരിക്കുന്നുണ്ടോ?

**എസ്.ജി. ഗിൽബർട്ട്, ആറാമട**

ദൈവം നമ്മുടെ ആരാധന ഇഷ്ടപ്പെടുന്നവനാണ്. എല്ലാ മനുഷ്യരും ഒന്നുപോലെ ദൈവത്തെ ആരാധിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. എന്നാൽ എല്ലാ ആരാധനയും ദൈവം സ്വീകരിക്കണമെന്നില്ല. ഉന്നതനും, വന്ദിതനും, വല്ലഭനും മഹോന്നതനും അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനും അതിവിശുദ്ധനുമായ ദൈവത്തിനു, അവന്റെ നാമത്തിനു തക്ക മഹത്വം കൊടുത്തെങ്കിൽ മാത്രമെ സ്വീകരിക്കുകയുള്ളു. അല്ലാത്ത ആരാധനകൾ ഒന്നും സർവ്വശക്തനായ ദൈവം സ്വീകരിക്കുകയില്ല. നാം കഴിക്കുന്ന ആരാധനകൾ ദൈവം സ്വീകരിക്കുന്നുണ്ടോ ഇല്ലയോ എന്നുള്ള അറിവ് ഓരോ വിശ്വാസിക്കും ഉണ്ടായിരിക്കണം.

**A. ദൈവത്തിനു പ്രസാദമുള്ള യാഗം (ആരാധന)**

"നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ" (റോമ. 12:1). ദൈവത്തിനു പ്രസാദമുള്ള യാഗമുണ്ട്, പ്രസാദമില്ലാത്ത യാഗം ഉണ്ട്. കയീന്റെ യാഗവും ഹാബേലിന്റെ യാഗവും അതിനു ഉത്തമ ഉദാഹരണമാണ്. ഹാബേലിന്റെ യാഗത്തിൽ ദൈവം പ്രസാദിച്ചു. അത് ദൈവ വ്യവസ്ഥ അനുസരിച്ചുള്ള യാഗമായിരുന്നു. ആരാധന ദൈവ വ്യവസ്ഥ അനുസരിച്ചുള്ളതായിരിക്കണം.

*1. ആരാധന വിശുദ്ധമായിരിക്കണം (റോമ. 12:1).*

വിശുദ്ധനായ ദൈവത്തെ ആരാധിക്കുമ്പോൾ അശുദ്ധി ഒട്ടും ഉണ്ടായിരിക്കാൻ പാടില്ല. രക്ഷിക്കപ്പെട്ടവർ എല്ലാവരും വിശുദ്ധന്മാരാണ്. അതിനാൽ അവർക്ക് എപ്പോഴും വിശുദ്ധരായി ആരാധിക്കാൻ കഴിയും. രക്ഷിക്കപ്പെട്ടവരുടെ എല്ലാ ആരാധനയും വിശുദ്ധം തന്നെയാണ്. എന്തെങ്കിലും അശുദ്ധിയുണ്ടെങ്കിൽ കർത്താവ് അത് ശുദ്ധീകരിച്ച്, മധ്യസ്ഥനായിരുന്ന് ആരാധന പിതാവിനു സമർപ്പിക്കും എന്നാണ് ചിലർ വാദിക്കുന്നത്.

ദൈവമക്കൾ വിശുദ്ധന്മാർ എന്നു പറയുന്നത് സ്ഥാനീയ വിശുദ്ധിയാണ്. ആ വിശുദ്ധി രക്ഷിക്കപ്പെട്ട നിമിഷത്തിൽ ദൈവം സകലർക്കും നൽകുന്ന വിശുദ്ധിയാണ്. ആ വിശുദ്ധിയിൽ എല്ലാ ദിവസവും ജീവിക്കാൻ ആർക്കെങ്കിലും കഴിഞ്ഞാൽ അവൻ എപ്പോഴും വിശുദ്ധിയിൽ തന്നെ ആയിരിക്കുന്നുവെന്നു പറയാം. അങ്ങനെ വിശുദ്ധനായിരിക്കുന്ന ഒരു വ്യക്തിക്ക് ഏതു സന്ദർഭത്തിലും ഒരു ശുദ്ധീകരണം കൂടാതെ വിശുദ്ധമായി ദൈവത്തെ ആരാധിക്കാൻ സാധിക്കും. ആ നിലയിൽ ഒരു വിശുദ്ധൻ ഭൂമുഖത്ത് ഉണ്ടായിട്ടുള്ളതായി ആരും അവകാശപ്പെട്ടിട്ടില്ല. നമുക്ക് ആർക്കും പാപജഡത്തിൽ ജീവിക്കുന്ന കാലത്തോളം സമ്പൂർണ്ണ വിശുദ്ധി കൈവരിക്കാൻ കഴികയില്ല.

"ആകയാൽ നിങ്ങളുടെ സ്വർഗ്ഗീയ പിതാവു സൽഗുണ പൂർണ്ണൻ ആയിരിക്കുന്നതുപോലെ നിങ്ങളും സൽഗുണ പൂർണ്ണരാകുവിൻ (മത്താ. 5:48). മറ്റൊരു ഭാഗത്ത്, "അവൻ വിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും വിശുദ്ധരാകുവിൻ" എന്നു പറയുന്നു. പ്രായോഗിക വിശുദ്ധി അനുദിനം ദൈവത്തിൽ നിന്നും കൈവരിക്കുന്നതാണ്. ദൈവത്തെ ആരാധിക്കുമ്പോൾ പിന്നേയും കുറവുകൾ ഏറ്റു പറഞ്ഞ് ഉപേക്ഷിച്ച് പൂർണ്ണ സമർപ്പണത്തോടെ മാത്രമെ അവനെ ആരാ

**ആ നിലയിൽ ഒരു വിശുദ്ധൻ ഭൂമുഖത്ത് ഉണ്ടായിട്ടുള്ളതായി ആരും അവകാശപ്പെട്ടിട്ടില്ല. നമുക്ക് ആർക്കും പാപജഡത്തിൽ ജീവിക്കുന്ന കാലത്തോളം സമ്പൂർണ്ണ വിശുദ്ധി കൈവരിക്കാൻ കഴികയില്ല.**

**എന്നാൽ ഇന്ന് അനേക വിശ്വാസികൾക്ക് ഞായറാഴ്ച തോറും തങ്ങൾ അർപ്പിക്കുന്ന ആരാധന ദൈവം സ്വീകരിച്ചോ ഇല്ലയോ എന്ന് തിരിച്ചറിയുവാൻ കഴിയുന്നില്ല.**

➤ശേഷം 4–ാം പേജിൽ



വന്ന വഴികൾ - 38

# ഒറീസ്സായിൽ ഒരു മാസക്കാലം

**അക്കാലത്ത് 50 രൂപ വിലയ്ക്കു വാങ്ങുന്ന ഒരു സാരി മാത്രം ഉടുക്കുവാനുള്ള സ്ത്രീകളും അവിടവിടങ്ങളിലുള്ളതായി ഒരു സുവിശേഷകൻ പറഞ്ഞു. കുളിക്കുമ്പോൾ സാരിയുടെ പകുതി ഭാഗം ആദ്യം കഴുകി ഉണക്കിയശേഷം രണ്ടാമത്തെ ഭാഗം കഴുകി ഉണക്കുമെന്നാണ് പറഞ്ഞത്.**

ഇ.ജെ. പൈലി, അങ്കമാലി

**ബീ**ഹാറിലെ റാഞ്ചിയിലെ പ്രവർത്തനം അവസാനിപ്പിച്ചതിനെപ്പറ്റിയായിരുന്നല്ലോ. ഒടുവിൽ പ്രസ്താവിച്ചത്. 8-12-1980-ൽ ആയിരുന്നു ബീഹാറിനോടു വിട വാങ്ങിയത്. അന്ന് റാഞ്ചിയിൽ ജോലിയിലുണ്ടായിരുന്ന എന്റെ സഹോദരി ഗ്രേസിയോടു യാത്ര പറഞ്ഞത് ഹൃദയ വേദനയോടെയായിരുന്നു. അതിരാവിലെ തെക്കോട്ട് ഒറീസ്സയിലേക്ക് പുറപ്പെട്ടു. നാനൂറിലധികം കിലോമീറ്റർ ദൂരമുള്ള ദീർഘയാത്ര. രാത്രി 9 മണിയായപ്പോഴാണ് ഒറീസ്സായിലെ ബർഗഡ് എന്ന ടൗണിൽ എത്തിച്ചേർന്നത്. വഴിയിൽ വാഹനം റിപ്പയർ ചെയ്യുന്നതിന് ഒരു മണിക്കൂർ സമയമെടുത്തു. ഒരു കുഴപ്പവും കൂടാതെ വാഹനം ലക്ഷ്യസ്ഥാനത്തെത്തിക്കുവാൻ സഹോദരനെ കർത്താവ് ബലപ്പെടുത്തി. കൽക്കട്ടാ - ബോംബെ ഹൈവേയിലെ ഒരു ചെറിയ പട്ടണമാണ് ബർഗഡ്. അന്ന് അവിടെ വേല ചെയ്തിരുന്നത് ബ്രദർ എ.ജി. ജേക്കബായിരുന്നു. താൻ റോഡരികിൽ ഞങ്ങളെ



ടീം അംഗങ്ങളും മറ്റു സഹോദരന്മാരും ഒറീസ്സായിലെ താൽച്ചറിൽ ബ്രദർ സെൽവനായകത്തിന്റെ കുടുംബത്തോടൊപ്പം



കാത്തു നില്ക്കുന്നുണ്ടായിരുന്നു. ദീർഘയാത്രയിൽ ഞങ്ങളെ ക്ഷേമമായി കാത്ത കർത്താവിനെ മഹത്വപ്പെടുത്തി. ഇപ്പോൾ ഒറീസ്സാക്കാരനായ ബ്രദർ ജോസഫ് മസ്സിഹിയാണ് ബർഗഡിലെ സുവിശേഷകൻ.

ഒറീസ്സായിലെ മണ്ണിൽ കാലുകുത്തിയത് എന്നെ സംബന്ധിച്ചിടത്തോളം ഒരു സ്വപ്ന ഭൂമിയിൽ കാലുകുത്തുന്നതു പോലെയായിരുന്നു. 1957-ലാണ് ഒറീസ്സായെപ്പറ്റിയുള്ള ഭാരം കർത്താവ് എന്റെ ഹൃദയത്തിൽ തന്നത്. അന്ന് നമ്മുടെ സുവിശേഷകന്മാരാരും തന്നെ ഒറീസ്സായിൽ പ്രവർത്തിച്ചിരുന്നില്ല. 1960-ലാണ് ആദ്യമായി നമ്മുടെ പ്രിയ സഹോദരന്മാരായ റ്റി.എം. സെബാസ്റ്റ്യനും, എം.എസ്. തോമസും മദ്രാസ് H.B.I.-യിൽ നിന്നും ഒറീസ്സായിൽ കടന്നുപോയത്. ബ്രദറൺ വിദേശമിഷനറിമാർ എത്രയോ വർഷങ്ങൾക്കു മുമ്പേ ഭാരതത്തിൽ പ്രവർത്തനമാരംഭിച്ചുവെങ്കിലും അവരാരും ഒറീസ്സായിൽ കടന്നു പോയില്ല. ബാപ്റ്റിസ്റ്റുകാരായ മിഷനറിമാർ ഒറീസ്സായിൽ ധാരാളം പ്രവർത്തിച്ചിട്ടുണ്ട്. ആദ്യകാലത്ത് വിദേശമിഷനറിമാർ ഇൻഡ്യയിൽ വന്നപ്പോൾ അവർ ഓരോ പ്രദേശങ്ങളിൽ പ്രവർത്തിക്കാമെന്ന ഒരു ധാരണയുണ്ടാക്കിയതായി മനസ്സിലാകുന്നു. അങ്ങനെ ബാപ്റ്റിസ്റ്റുകാർ ഒറീസ്സായിൽ കേന്ദ്രീകരിച്ചു. അതുകൊണ്ടായിരിക്കണം ബ്രദറൺ മിഷനറിമാരുടെ ഒരു പ്രവർത്തനവും ഒറീസ്സായിലും കാണാതിരുന്നത്. ഒറീസ്സായ്ക്കു വേണ്ടി എന്തെങ്കിലും ചെയ്യണമല്ലോ എന്ന ശക്തിയായ നിർബന്ധം എന്റെ മനസ്സിൽ ഉണ്ടായതിനാൽ 1958-കളിൽ തപാലാഫീസുകളിലേക്ക് ആന്ധ്രയിൽ നിന്നും സുവിശേഷ സന്ദേശം ഒറിയാ ഭാഷയിൽ അച്ചടിച്ച് അയച്ചതിനേപ്പറ്റി മുൻപ് പ്രതിപാദിച്ചിട്ടുണ്ട്. അങ്ങനെ വളരെ നാളുകളിലെ പ്രാർത്ഥനാഫലമായി 22 വർഷങ്ങൾക്കു ശേഷം ഒറീസ്സായിൽ ആദ്യമായി കാലുകുത്തുവാനിടയായത് എന്തൊരു സന്തോഷമായിരുന്നു! അവിടുത്തെ കാര്യങ്ങൾ നേരിൽ കാണുവാൻ കർത്താവ് വഴിയൊരുക്കി. കർത്താവിനു സ്തോത്രം.

ഒറീസ്സായെപ്പറ്റി ചില കാര്യങ്ങൾ പ്രസ്താവിച്ചുകൊള്ളട്ടെ. ഭാരതത്തിലുടനീളം സഞ്ചരിച്ചതിൽ ഞാൻ കണ്ട ഏറ്റവും പിന്നാക്ക സംസ്ഥാനമാണ് ഇത്. പൊതുവേ അവർ പൊക്കം കുറഞ്ഞവരാണ്. ശരിയായ വസ്ത്രധാരണമില്ല. ചെറിയ കുട്ടികൾ നൂൽബന്ധം പോലുമില്ലാതെ നമ്മുടെ മുമ്പിൽ പ്രസംഗം കേൾക്കാൻ വന്നു നില്ക്കും. ഗ്രാമങ്ങളിലെ സ്ത്രീകൾ മിക്കവരും ബ്ലൗസിടാതെ സാരികൊണ്ടുതന്നെ മാറു മറയ്ക്കുകയാണ് ചെയ്യുന്നത്. മിക്ക ഗ്രാമങ്ങളിലും ഒരു കുളമുണ്ടാകും. അവിടെപോയി അവർ ദിവസവും കുളിക്കും. ഗ്രാമീണർ മിക്കവരും വിദ്യാഭ്യാസമില്ലാത്തവരാണ്. പുസ്തകങ്ങളും ട്രാക്റ്റുകളും കൊടുക്കുമ്പോൾ "ഹം മൂർഖോ" എന്നു പറയും. "മൂർഖോ" എന്നു പറഞ്ഞാൽ പഠിപ്പില്ലാത്തവർ എന്നാണർത്ഥം. രസകരമായ ഒരു കഥ കേട്ടിട്ടുണ്ട്. ഒ.എം. ടീമിലെ ഒരു സായ്പും നാട്ടുകാരനും കൂടെ ഒരു ഭവനത്തിൽ ചെന്നപ്പോൾ വീട്ടുകാരൻ പറഞ്ഞു. "ഹം മൂർഖോ" ചെന്നവർ രണ്ടു പേർക്കും ഭാഷ അറിയില്ല. നാട്ടുകാരൻ മലയാളി സായ്പിനോടു പറഞ്ഞു, "ഇവിടെ മൂർഖൻ പാമ്പുണ്ട്, നമുക്ക് വേഗം രക്ഷപെടാം." ഗ്രാമീണർ അധിക പങ്കും ദാരിദ്ര്യത്തിൽ കഴിയുന്ന സങ്കടകരമായ കാഴ്ച കാണാം. അക്കാലത്ത് 50 രൂപ വിലയ്ക്കു വാങ്ങുന്ന ഒരു സാരി മാത്രം ഉടുക്കുവാനുള്ള സ്ത്രീകളും അവിടവിടങ്ങളിലുള്ളതായി ഒരു സുവിശേഷകൻ പറഞ്ഞു. കുളിക്കുമ്പോൾ സാരിയുടെ പകുതി ഭാഗം ആദ്യം കഴുകി ഉണക്കിയശേഷം രണ്ടാമത്തെ ഭാഗം കഴുകി ഉണക്കുമെന്നാണ് പറഞ്ഞത്. നോക്കണേ, ദാരിദ്ര്യത്തിന്റെ കാഠിന്യം! കർത്താവ് നമ്മെ അനുഗ്രഹിച്ചിരിക്കുന്ന വിധങ്ങൾക്കായി നാം എത്ര നന്ദിയുള്ളവരായിരിക്കണം! സുവിശേഷം കടന്നു ചെല്ലാത്തതുകൊണ്ടാണ് ഈ ജനം ദാരിദ്ര്യാവസ്ഥയിൽ കഴിയുന്നതെന്നതിനു സംശയമില്ല.

ബർഗഡിലെ പ്രവർത്തനശേഷം ടിറ്റലഗർ എന്ന സ്ഥലത്തേക്കു പോയി. ബർഗഡിൽ വെച്ച് സഹോദരന്മാരായ ഡാനിയൽ വില്യംസ്, റ്റി.കെ. കുരുവിള, ബാബു വർഗീസ്, എൻ. സി. സൈമൺ എന്നിവരും ടീമിൽ ചേർന്നു. ടിറ്റ്ലഗറിൽ ബ്രദർ അജയ് കുമാർ ഛത്രിയ എന്ന തദ്ദേശീയനാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഓടിട്ട തന്റെ ഭവനത്തിൽ ഞങ്ങൾ തറയിൽ കിടന്നുറങ്ങിയപ്പോൾ തണുപ്പ് നിമിത്തം ഞങ്ങൾ വളരെ വിഷമിച്ചത് ഓർമ്മയിൽ വരുന്നു. അവിടുത്തെ വേലയെ കർത്താവനുഗ്രഹിച്ചു. ഇന്നും ഹോളും മറ്റു സൗകര്യങ്ങളുമുണ്ട്.

19-12-1980-ൽ ഞങ്ങൾ താൽച്ചർ എന്ന പട്ടണത്തിലേക്ക് പോയി. അവിടെ ഒരു വലിയ കൽക്കരി ഖനിയും തെർമൽ പ്ലാന്റുമുണ്ട്. ഇവിടെ നിന്നും ഉൽപ്പാദിപ്പിക്കുന്ന വിദ്യുച്ഛക്തി നമ്മളും ഉപയോഗിക്കുന്നതായാണ് അറിയുന്നത്. പല ഭാഷക്കാരായ നല്ല ഒരു കൂട്ടം വിശ്വാസികൾ അന്ന് അവിടെയുണ്ടായിരുന്നു. 400 അടി താഴ്ചയിൽ നിന്നും കുഴിച്ചെടുക്കുന്ന കൽക്കരി മുകളിലേക്ക് 24 മണിക്കൂറും കയറ്റിക്കൊണ്ടിരിക്കുന്ന ശബ്ദം എപ്പോഴും നമുക്ക് കേൾക്കാം. മലയാളികളും തമിഴരും ഒറീസ്സാക്കാരുമായ വിശ്വാസികളുണ്ടായിരുന്നു. ഞായറാഴ്ചകളിൽ മൂന്നു കൂടിവരവുകളിൽ സംബന്ധിക്കും. അവിടെ അന്ന് പ്രവർത്തിച്ചിരുന്നത് പി. സെൽവനായകമായിരുന്നു.

*(തുടരും)*

## വിചാരണ

➢ 3-ാം പേജിൽ നിന്നും തുടർച്ച

ധിക്കുവാൻ പാടുള്ളു. അല്ലായെങ്കിൽ വിശുദ്ധനായ ദൈവത്തെ അങ്ങനെയുള്ളവർ കളിയാക്കി ആക്ഷേപിക്കുന്നതിനു തുല്യമായിരിക്കും അവരുടെ ആരാധന.

*2. ആരാധന ഭക്തിയോടു കൂടിയായിരിക്കണം*

"ഞാനോ നിന്റെ കൃപയുടെ ബഹുത്വത്താൽ നിന്റെ ആലയത്തിലേക്ക് ചെന്ന് നിന്റെ വിശുദ്ധമന്ദിരത്തിനു നേരെ നിങ്കലുള്ള ഭക്തിയോടെ ആരാധിക്കും" (സങ്കീ. 5:7). ഭക്തിയോടും ഭക്തിയില്ലാതെയും ആരാധന കഴിക്കാം. ഭക്തന്റെ ആരാധനയാണ് ദൈവം സ്വീകരിക്കുന്നത്. ഒരുവൻ ഭക്തനാണെങ്കിൽ അവൻ വിശുദ്ധിയുടെ കാര്യത്തിലും സൂക്ഷിക്കുന്നവനായിരിക്കും. ജീവിതത്തിൽ വിശുദ്ധി കാത്തു സൂക്ഷിക്കാത്തവൻ അഭക്തനാണ്. അവന്റെ ആരാധന ദൈവം സ്വീകരിക്കയില്ല. അഭക്തന് ഭക്തിയുടെ വേഷം ധരിച്ച് ആരാധന കരേറ്റുവാൻ സാധിച്ചെന്നിരിക്കും. ദൈവം സ്വീകരിക്കയില്ല. ഒരു ഭക്തന് ചില പ്പോൾ തെറ്റുകൾ ഉണ്ടായി എന്നു വരാം. ദാവീദിനെപ്പോലെ തെറ്റുകൾ ഏറ്റു പറഞ്ഞ് ഉപേക്ഷിക്കുമ്പോൾ ദൈവം ആ തെറ്റുകളെ ക്ഷമിക്കയും അവന്റെ യാഗം അംഗീകരിക്കയും ചെയ്യും. പരമാർത്ഥ ഹൃദയത്തോടെ ദൈവത്തെ ആരാധിക്കുന്നവരുടെ ആരാധനകൾ കർത്താവ് സ്വീകരിക്കും (എബ്രാ. 10:22). ഇങ്ങനെ അല്ലാത്ത ആരാധനകൾ ഒന്നും സ്വർഗ്ഗത്തിലെ ദൈവം സ്വീകരിക്കുന്നില്ല.

**B. ദൈവത്തിനു പ്രസാദമില്ലാത്ത യാഗം**

കായീന്റെ യാഗത്തിൽ ദൈവം പ്രസാദിച്ചില്ല. കയീൻ കൊണ്ടുവന്ന കൃഷിസാധനങ്ങൾ മോശമായിട്ടല്ല അവന്റെ യാഗത്തിൽ ദൈവം പ്രസാദിക്കാഞ്ഞത്. അത് ദൈവിക വ്യവസ്ഥ അനുസരിച്ചുള്ള യാഗമായിരുന്നില്ല. ദൈവിക വ്യവസ്ഥ പാലിക്കാത്ത ഒരു ആരാധനയും വിശുദ്ധനായ ദൈവം സ്വീകരിക്കയില്ല. കയീനിലും ഹാബേലിനും ദൈവം പ്രസാദിക്കാഞ്ഞതും പ്രസാദിച്ചതും എന്തുകൊണ്ടാണ് എന്ന് തിരിച്ചറിയുവാനുള്ള കഴിവ് അവർക്കുണ്ടായിരുന്നു. എന്നാൽ ഇന്ന് അനേക വിശ്വാസികൾക്ക് ഞായറാഴ്ച തോറും തങ്ങൾ അർപ്പിക്കുന്ന ആരാധന ദൈവം സ്വീകരിച്ചോ ഇല്ലയോ എന്ന് തിരിച്ചറിയുവാൻ കഴിയുന്നില്ല. അതുകൊണ്ട് അവർക്ക് തെറ്റു തിരുത്താൻ കഴിയാതെ പോകുന്നു.

*1. ഒരുക്കമില്ലാത്ത ആരാധന*

ദൈവത്തിനു ജീവനും പ്രസാദവുമുള്ള യാഗമായി സമർപ്പിച്ചുകൊണ്ടുള്ള ആരാധന മാത്രമെ അവൻ പ്രസാദിക്കയുള്ളു. ആറു ദിവസവും ഒരു വിശ്വാസിക്ക് വ്യക്തിപരമായി ആരാധന ഉണ്ടായിരിക്കണം. വ്യക്തിപരമായി ദൈവത്തെ ആരാധിക്കാത്ത ഒരു വ്യക്തിക്ക് ഞായറാഴ്ച സഭയായിട്ട് ആരാധിക്കാൻ ☞

**തുടർച്ചയായി വചന ശുശ്രൂഷയ്ക്ക് മുമ്പു ഇറങ്ങിപ്പോകുന്ന വ്യക്തി എനിക്ക് ദൈവശബ്ദം കേൾക്കേണ്ട. ഞാൻ കൊടുത്തത് സ്വീകരിച്ചു കൊണ്ട് ദൈവം പോയിക്കൊള്ളും എന്നാണ് അർത്ഥമാക്കുന്നത്.**

# മഹത്വത്തിൽ



**പുനലൂർ:** ചെമ്മന്തൂർ ബ്രദറൺ സഭാംഗമായ **ജോർജ്ജുകുട്ടി ലൂക്കോസ് (60)** ഡിസം. 14-ന് കർത്തൃസന്നിധിയിലേക്കു ചേർക്കപ്പെട്ടു. ഭൗതികശരീരം ഡിസം. 18-ന് സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖിതരായ കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**കണ്ണൂർ:** ഉളിക്കൽ പടിഞ്ഞാറേ കാലായിൽ **ശോശാമ്മ മാത്യു (74)** ഡിസം. 18-ന് താൻ പ്രത്യാശ വച്ചിരുന്ന മഹത്വതീരത്തേക്കു ചേർക്കപ്പെട്ടു. ബെംഗളൂരു സുവിശേഷകൻ ഡോ. പി.എം. കുഞ്ഞുകുട്ടിയുടെ മാതാവാണ്. ഭൗതികശരീരം ഡിസം. 21-ന് എരുത്തുകടവ് ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖിതരായ കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**തടിയൂർ:** ഐവേലിൽ പരേതനായ വർഗീസ് ഏബ്രഹാമിന്റെ ഭാര്യ **സാറാമ്മ വർഗീസ് (88)** ഡിസം. 15-ന് താൻ പ്രിയം വച്ചിരുന്ന കർത്തൃസന്നിധിയിലേക്കു ചേർക്കപ്പെട്ടു. തടിയൂർ ബ്രദറൺ സഭാംഗമായിരുന്നു. ഡിസം. 19-ന് സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖത്തിൽ കഴിയുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ വഹിച്ചാലും.




**മൈലപ്രാ:** പാലനിൽക്കുന്നതിൽ കെ.എ. ശാമുവേലിന്റെ ഭാര്യ **ഗ്രേസി ശാമുവേൽ (74)** ഡിസം. 15-ന് മഹത്വത്തിലേക്കു ചേർക്കപ്പെട്ടു. ഭൗതികശരീരം ഡിസം. 19-ന് മൈലപ്ര ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. വിയോഗ ദുഃഖത്തിൽ കഴിയുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**റാന്നി:** മണ്ണാരത്തറ വാഴയിൽ പരേതനായ പി.വി. സ്കറിയയുടെ ഭാര്യ **കുഞ്ഞമ്മ സ്കറിയ (95)** കർത്താവിൽ നിദ്രപ്രാപിച്ചു. സംസ്കാരം ഡിസം. 21-ന് മണ്ണാരത്തറ ബ്രദറൺ സഭാസെമിത്തേരിയിൽ നടന്നു. ദുഃഖിതരായ കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**ഭോപ്പാൽ:** സുവിശേഷകൻ **കെ.എം. മത്തായി** ഡിസം. 25 ന് തന്റെ വേലതികച്ച് മഹത്വത്തിലേക്ക് ചേർക്കപ്പെട്ടു. വടക്കേ ഇന്ത്യയിലെ ആദ്യകാല സുവിശേഷകന്മാരിൽ ഒരാളായിരുന്നു. സംസ്കാരം ഡിസം. 28 ന് ക്രിസ്ത്യൻ ബ്രദറൺ ചർച്ചിന്റെ ചുമതലയിൽ ഇവിടെ നടന്നു. ദുഃഖിതരായ കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**മല്ലപ്പള്ളി :** ആനിക്കാട് ബ്രദറൺ അസംബ്ലി മൂപ്പന്മാരിൽ ഒരാളായിരുന്ന ചിരട്ടമണ്ണിൽ **സി.എം. ചാണ്ടി** (കുഞ്ഞൂഞ്ഞ്–80) ഡിസം. 24 ന് കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. ഭൗതിക ശരീരം ഡിസം. 29 ന് സഭാ സെമിത്തേരിയിൽ സംസ്ക്കരിച്ചു. ദുഃഖിതരായ കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**പത്തനംതിട്ട :** മുണ്ടുകോട്ടയ്ക്കൽ മണ്ണിൽ **എം.എം. ഏബ്രഹാം (82)** ഡിസം. 23 ന് താൻ പ്രത്യാശവച്ചിരുന്ന കർത്താവിന്റെ സന്നിധിയിൽ ചേർക്കപ്പെട്ടു. ഡിസം. 28 ന് മുണ്ടുകോട്ടയ്ക്കൽ ബ്രദറൺ സഭയുടെ ചുമതലയിൽ സഭാ സെമിത്തേരിയിൽ സംസ്ക്കരിച്ചു. കുടുംബാംഗങ്ങളെ ഓർത്ത് പ്രാർത്ഥിക്കുക.



**വയനാട് :** പുൽപ്പള്ളി ബ്രദറൺ സഭാംഗമായ തെക്കേകൈതയ്ക്കൽ **റ്റി.സി. അഗസ്റ്റിൻ (84)** ഡിസം. 24 ന് മഹത്വതീരത്തേക്ക് ചേർക്കപ്പെട്ടു. ഭൗതിക ശരീരം ഡിസം. 25 ന് സഭാസെമിത്തേരിയിൽ സംസ്ക്കരിച്ചു. ദുഃഖിതരായ കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**അങ്കമാലി:** സുവിശേഷകൻ ബാബുതോമസിന്റെ പിതാവും അങ്കമാലി ഈസ്റ്റ് ബ്രദറൺ സഭാമൂപ്പന്മാരിൽ ഒരാളുമായിരുന്ന **കെ.കെ. തോമസ് (83)** ഡിസം. 22 ന് കർത്തൃസന്നിധിയിലേക്ക് മാറ്റപ്പെട്ടു. ഡിസം. 25 ന് അങ്കമാലി ഈസ്റ്റ് ബ്രദറൺ സഭായുടെ ചുമതലയിൽ സഭാസെമിത്തേരിയിൽ സംസ്ക്കരിച്ചു. ദുഃഖിതരായ കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**കോട്ടയം :** സുവിശേഷകൻ വർഗീസ് കെ. കുര്യന്റെ മാതാവ് പാമ്പാടി കാരിക്കോട്ട് **ശോശാമ്മ കുര്യൻ (84)** ഡിസം.23 ന് കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. ഡിസം. 26 ന് പാമ്പാടി ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്ക്കരിച്ചു. വിയോഗ ദുഃഖത്തിൽ കഴിയുന്ന മക്കളെയും കുടുംബാംഗങ്ങളെയും പ്രാർത്ഥനയിൽ ഓർക്കുക.

**ബെംഗളൂരു:** രാജാജി നഗർ സുവിശേഷകൻ **ഡി. ജോൺ (67)** ഡിസം. 13-ന് മഹത്വത്തിലേക്കു ചേർക്കപ്പെട്ടു. ഭൗതികശരീരം ഡിസം. 13-ന് ബെംഗളൂരുവിൽ സംസ്കരിച്ചു. ദുഃഖിതരായ കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

☞

എന്താണ് അവകാശം ഉള്ളത്. ഞായറാഴ്ച കർത്തൃമേശയോടു കൂടിയ ആരാധനയ്ക്ക് കുറഞ്ഞ പക്ഷം ആറു ദിവസത്തെ ഒരുക്കം ഉണ്ടായിരിക്കണം. ഒരുക്കമില്ലാത്ത ആരാധന ദൈവം പ്രസാദിക്കയില്ല.

*2. കൂട്ടു സഹോദരനുമായി നിരപ്പു പ്രാപിക്കാത്ത ആരാധന*

ദൈവത്തെ ആരാധിക്കുവാൻ ഇരിക്കുമ്പോൾ "സഹോദരന് നിന്റെ നേരെ വല്ലതും ഉണ്ടെന്ന് അവിടെ വെച്ച് ഓർമ്മ വന്നാൽ നിന്റെ വഴിപാട് അവിടെ യാഗപീഠത്തിന്റെ മുമ്പിൽ വെച്ചേച്ചു ഒന്നാമത് ചെന്ന് സഹോദരനോട് നിരന്നുകൊൾക; പിന്നെ വന്നു നിന്റെ വഴിപാട് കഴിക്ക" (മത്താ. 5:24). കൂട്ടുസഹോദരനോടോ സഹോദരിയോടോ മാനസിക പ്രശ്നങ്ങൾ ഉള്ള ഒരു വ്യക്തി നിരപ്പ് പ്രാപിക്കാതെ ആരാധിച്ചാൽ ആ ആരാധന ദൈവം എങ്ങനെ സ്വീകരിക്കും. ചിലർ ഒരു സ്ഥലത്ത് പ്രശ്മുണ്ടായാൽ നിരപ്പ് പ്രാപിക്കാതെ സഭമാറിപ്പോയി കർത്തൃമേശയിൽ സംബന്ധിച്ച് ആരാധിക്കും. സഭ മാറിയതുകൊണ്ട് കർത്താവ് മാറുമോ? ദൈവം അവരുടെ ആരാധന സ്വീകരിക്കയില്ല.

*3. ആരാധനയിൽ അലക്ഷ്യമായിരുന്നു വർത്തമാനം പറയുന്നവരുടെ ആരാധന*

ആരാധനയ്ക്ക് വന്നിരിക്കുന്ന സമയം മുതൽ അടുത്തുള്ളവരോട് രഹസ്യമായി സംസാരിച്ചു കൊണ്ടിരിക്കും. വീട്ടുകാര്യങ്ങളോ, പരദൂഷണങ്ങളോ ആകാം. സർവ്വശക്തനായ ദൈവം ആരാധ്യനായിരിക്കുന്ന അവസരത്തിൽ അല്പമെങ്കിലും ഭക്തിയുണ്ടെങ്കിൽ അങ്ങനെ ചെയ്തുകൊണ്ടിരിക്കുമോ? അവരുടെ ആരാധന ദൈവം സ്വീകരിക്കുകയില്ല.

*4. ആരാധനയ്ക്ക് ഇടയിൽ മൊബൈൽ സന്ദേശം അയയ്ക്കുന്നവരുടെ ആരാധന*

ആരാധന സമയത്ത് മൊബൈൽ സന്ദേശങ്ങൾ കൈമാറുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നതായി അറിയുന്നു. ആരാധനയ്ക്ക് വന്നിരിക്കുന്നവരുടെ കുറവുകളും കുറ്റങ്ങളുമായിരിക്കും മെസ്സേജായി പായുന്നത്. ആരാധന സമയത്ത് ദൈവസന്നിധിയിൽ കളിച്ച് ദൈവത്തെ പരിഹസിക്കുന്നവരുടെ ആരാധന ദൈവം സ്വീകരിക്കുകയില്ല.

*5. കർത്തൃമേശ കഴിഞ്ഞ് സ്ഥിരമായി ഇറങ്ങി പോകുക*

വചന ശുശ്രൂഷ കഴിഞ്ഞ് പ്രാർത്ഥിച്ച് ആശീർവാദം പറയുന്നതുവരെയുള്ള ഭാഗങ്ങൾ ആരാധനയിൽ വരുന്നതു തന്നെയാണ്. വചനശുശ്രൂഷയ്ക്ക് മുമ്പു വരെയുള്ള സമയത്ത് ദൈവത്തിന് ആരാധന അർപ്പിക്കുന്ന സമയമാണ്. അത് ദൈവം സ്വീകരിക്കുന്നു. തുടർന്ന് ദൈവത്തിന് പറയാനുള്ള സന്ദേശം തന്റെ ദാസന്മാരിലൂടെ അറിയിക്കുന്ന സമയമാണ് വചന ശുശ്രൂഷ. തുടർച്ചയായി വചന ശുശ്രൂഷയ്ക്ക് മുമ്പു ഇറങ്ങി പോകുന്ന വ്യക്തി എനിക്ക് ദൈവശബ്ദം കേൾക്കേണ്ട. ഞാൻ കൊടുത്തത് സ്വീകരിച്ചു കൊണ്ട് ദൈവം പോയിക്കൊള്ളും എന്നാണ് അർത്ഥമാക്കുന്നത്. അങ്ങനെയുള്ളവരുടെ ആരാധന ദൈവം സ്വീകരിക്കുമോ ഇല്ലയോയെന്ന് വായനക്കാർ തന്നെ തീരുമാനിക്കുക.

എല്ലാ ഞായറാഴ്ചയും നാം ആരാധിക്കുന്നുണ്ട്. എല്ലാ ആരാധനയും ദൈവം സ്വീകരിക്കുന്നുവെന്ന് അന്ധമായി നാം വിശ്വസിക്കുന്നു. സമാധാനിക്കുന്നു. എല്ലാ ആരാധനയും ദൈവം പ്രസാദിക്കുന്നില്ലായെന്ന് മുകളിൽ കൊടുത്തിരിക്കുന്ന തെളിവുകളിലൂടെ കണ്ടെത്തുവാൻ നമുക്കു സാധിക്കും. ഇനി നാം തന്നെ സ്വയം തീരുമാനിക്കൂ, ഞാൻ കഴിക്കുന്ന ആരാധന ദൈവം സ്വീകരിക്കുന്നുണ്ടോ? ഇല്ലായെങ്കിൽ നമ്മുടെ തെറ്റുകൾ തിരുത്തി ദൈവത്തെ ആരാധിക്കാം. അതിനു ദൈവം നമ്മെ സഹായിക്കട്ടെ.

# ബൈബിൾ ക്വിസ് -94
## (ഇയ്യോബ്)

1. ഉച്ച സമയത്തു രാത്രിയിലെ പോലെ തപ്പി നടക്കുന്നവൻ ആര്?
2. ആരുടെ ശരണത്തെയാണ് ചിലന്തിവലയോട് താരതമ്യപ്പെടുത്തിയിരിക്കുന്നത്?
3. അവന്റെ മക്കൾ രക്ഷയോടകന്നിരിക്കുന്നു; അവൻ രക്ഷകനില്ലാതെ വാതിൽക്കൽ വച്ചു തകർന്നു പോകുന്നു. ആര്?
4. ഇയ്യോബിന് എത്ര മക്കളുണ്ടായിരുന്നു?
5. ദൈവം ഭൂമിയെ നാസ്ഥിതത്തിന്മേൽ തൂക്കുന്നു എന്ന് എവിടെ പറഞ്ഞിരിക്കുന്നു?
6. തന്റെ കുഞ്ഞുങ്ങളോടു തനിക്കുള്ളവയല്ല എന്നപോലെ കാഠിന്യം കാണിക്കുന്ന പക്ഷിയേത്?
7. ആരുടെ വാക്കാണ് കാറ്റിനു തുല്യം എന്ന് ഇയ്യോബ് പറഞ്ഞത്?
8. കഷ്ടത ഗർഭം ധരിച്ച് അനർത്ഥത്തെ പ്രസവിക്കുന്നതാര്?
9. നീ ഇനിയും നിന്റെ ഭക്തി മുറുകെ പിടിച്ചു കൊണ്ടിരിക്കുന്നുവോ? ആര് ആരോടു പറഞ്ഞു?
10. "കോപത്തിൽ തന്നെത്താൻ കടിച്ചു കീറുന്നവനേ" ആര് ആരോടു പറഞ്ഞു?

*ബൈബിൾ റഫറൻസ് സഹിതം ഉത്തരങ്ങൾ P.P.George, Post Box No. 91, Angamali 683 572 എന്ന വിലാസത്തിൽ അയയ്ക്കുക.ചോദ്യങ്ങൾ പ്രസിദ്ധീകരിച്ച തീയതികഴിഞ്ഞ് 20 ദിവസത്തിനകം ഉത്തരങ്ങൾ ലഭിച്ചിരിക്കണം. ഉത്തരങ്ങൾ അയയ്ക്കുന്നവർ ക്വിസ് നമ്പരും തങ്ങളുടെ പൂർണ്ണ മേൽവിലാസവും ഫോൺ നമ്പരും കത്തിൽ രേഖപ്പെടുത്തണം.*

**ബൈബിൾ ക്വിസ് 91 – ശരിയുത്തരങ്ങൾ**

1. അഹശ്വേരോശ് എസ്ഥേറിനോട് (5:6) 2. മൊർദ്ദെഖായിയെ (8:2) 3. അഹശ്വേരോശ് (7:7) 4. ഭാര്യ സേരെശും തന്റെ സകല സ്നേഹിതന്മാരും (5:14) 5. ഹഥാക്ക് (4:5) 6. ഹാമാൻ (3:6) 7. മൊർദ്ദെഖായി (2:21,22; 6:22) 8. എസ്ഥേറിനെ (2:17) 9. ഹദസ്സ (2:7) 10. ഹേഗായി (2:3,8; 8:15)

**ക്വിസ് 86 – ശരിയുത്തരം അയച്ചവർ**

Mariyamma Thomas Kunnanthanam, Sheeba Jennet P. Bangalore, Suseela Biju Cheppad, Mariyamma Thomas Ranni, Sheena Santhosh Thriperumthura, Rosamma Thomas Thadiyoor, Molly Joy Muvattupuzha, Ditty Sunny Thalikod, P.K. Georgekutty Perumbavoor, C.M. Daniel Thrissur, Sam Kizhavaramannil Mumbai, Philomol K. Varghese South Chittoor, Ponnamma Raju Sharjah, Spurjan K.J. Trivandrum, P.V. Elizebeth Peroorkada, Aleyamma Jacob VisakhaPattnam, Jane Mathew Palakkad, Kunjunjamma Mosses Elanthoor, Jolly Mathew Kalanjoor, Annamma Alexander Koipuram, Nicey Renji Cheppad, Jeemon Daniel Mallappally, Rachel Manesh Vadakkancherry, Mary Paulose Angamaly, Betty Vinod Kottayam, P.A. Abraham Pathanamthitta, K. Prabhakaran Trivandrum, Annamma Samuel Thriperumthura, Annamma Joseph Uthimood, Annamma Chacko Ranni, Alice Korah Puthuppally, Annamma Baby Mathew Kottayam, Mary George Ranny, Visvanadan P. Alapuzha, John Benjamin K. Kottarakkara, Androos O. Thomas Cheppara, Emima Godly Thrissur, Aju Jose Assam, Latha Ravi Assam, Tony Varghese Pathanamthitta.

# സ്തോത്രത്തിനും പ്രാർത്ഥനയ്ക്കും

**തൃശ്ശൂർ:** മോചനം ഗോസ്പൽ ടീമിന്റെ പ്രവർത്തനങ്ങൾ അനുഗ്രഹകരമായി നടന്നു വരുന്നു. 2016 ജനു. 18,19 തീയതികളിൽ ടീമിന്റെ ആഭിമുഖ്യത്തിലും ഇരിങ്ങാലക്കുട ബെഥേസ്ദാ ബ്രദറൺ സഭയുടെ സഹകരണത്തിലും കാട്ടൂർ, കീഴ്ത്താണി, ഇരിങ്ങാലക്കുട ഭാഗങ്ങളിൽ പരസ്യ യോഗങ്ങൾ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഈ യോഗങ്ങളിൽ സുവിശേഷകന്മാരായ എം.എസ്. രമേശ്, എം.ആർ. ഷൈജു, റ്റി.ജി. ബെന്നി, പി.കെ. ഏലിയാസ്, ജോസ്, സി.ആർ സുരധരൻ മുതലായവർ വചനം പ്രസംഗിക്കുന്നു. കൂടാതെ സ്ഥലം സഭയിലെ മറ്റു സഹോദരന്മാരും വിവിധ ശുശ്രൂഷകളിൽ സഹകരിക്കുന്നു.

*ശശി ഇഞ്ചക്കുണ്ട്*

**വണ്ടൂർ:** 2015 നവംബർ 12 മുതൽ ഡിസം. 10 വരെ വണ്ടൂരിലും ചുറ്റുപാടു പ്രദേശങ്ങളിലും ഒരു മാസത്തെ ഗോസ്പൽ കാമ്പയിൻ പ്രവർത്തനം നടത്തുന്നതിനും 2015 ഡിസം. 7 മുതൽ 10 വരെ തൃക്കൈകുത്തിൽ സുവിശേഷയോഗങ്ങൾ നടത്തുന്നതിനും കർത്താവു കൃപ ചെയ്തു. ഒരു മാസത്തെ പ്രവർത്തനത്തിൽ ഭവനസന്ദർശനത്തിലും, പരസ്യപ്രവർത്തനങ്ങളിലും കൺവൻഷനിലുമായി 104 സഹോദരന്മാർ പ്രവർത്തനങ്ങളിൽ പങ്കുവഹിച്ചു. തുടർന്നും ഈ പ്രവർത്തനങ്ങളെ ഓർത്തു പ്രത്യേകം പ്രാർത്ഥിക്കുക.

*കെ.പി. മത്തായി*

ബാലപംക്തി (ചെറുകഥ)

# വിലയേറിയ സമ്മാനം

**ലോയിസ് ജോർജ്ജ് വർഗീസ്**

ആൽബർട്ട് തെരുവിലൂടെ നടന്നുപോയിക്കൊണ്ടിരിക്കുകയാണ്. അവന്റെ ഹൃദയത്തിൽ ഒരു ദുഃഖം ഒളിഞ്ഞിരിപ്പുണ്ട്. എന്താണെന്നോ? അവന്റെ അമ്മയ്ക്ക് സുഖമില്ല. രണ്ടു ദിവസമായി ഭയങ്കര തലവേദനയാണ്. അമ്മയ്ക്ക് ഫ്രൂട്ട്സ് വാങ്ങി നൽകണം എന്നുണ്ട് ആൽബർട്ടിന്. പക്ഷേ അവന്റെ കയ്യിൽ കുറച്ചു പണമേ ഉള്ളൂ.

ആൽബർട്ട് നടന്നു പോയ വഴിക്ക് ഒരു പറമ്പ് കണ്ടു. അത് ആ ഗ്രാമത്തിലെ ഏറ്റവും വലിയ ധനികന്റെ പറമ്പാണ്. അദ്ദേഹം പൊതുവേ ഒരു ദാനധർമ്മി ആണ്. ആ പറമ്പിൽ നിറയെ പഴുത്ത മുന്തിരിക്കുലകൾ തിങ്ങി കിടക്കുന്നത് കണ്ടിട്ട് അവൻ ഇങ്ങനെ ചിന്തിച്ചു, "അവിടെ പോയി ആ പറമ്പിലെ നടത്തിപ്പുകാരനോട് പോയി ചോദിച്ചാലോ? ഒരു കുല മുന്തിരിപ്പഴം തരുമോ എന്ന്." അവൻ ആ മനുഷ്യനോട് പോയി ചോദിച്ചു. പക്ഷേ കർക്കശക്കാരനായ അദ്ദേഹം ആൽബർട്ടിനോട് ഇങ്ങനെ പറഞ്ഞു, "ഇത് യജമാനനുള്ളതാണ്. നിനക്ക് തരുവാൻ കഴിയില്ല." ഈ സമയത്ത് ധനികന്റെ മകൻ മാറി നിന്നുകൊണ്ട് ഇതെല്ലാം ശ്രദ്ധിക്കുന്നുണ്ടായിരുന്നു. അവന് ആൽബർട്ടിനെ കണ്ടപ്പോൾ വിഷമം തോന്നി. ധനികന്റെ മകൻ അവിടെ വന്നിട്ട് രണ്ട് കുല മുന്തിഴിപ്പഴം ആൽബർട്ടിന് പറിച്ചു കൊടുത്തു. ആൽബർട്ട് അവനോട് ചോദിച്ചു, "എത്രയാ ഈ മുന്തിരിക്ക്?" ധനികന്റെ മകൻ പറഞ്ഞു, "എന്റെ അപ്പൻ ഇത് ആർക്കും വിൽക്കാറില്ല, ചോദിച്ചു വരുന്നവർക്കു നൽകാറേ ഉള്ളൂ. അതുകൊണ്ട് എനിക്ക് കാശൊന്നും വേണ്ടാട്ടോ."

ആൽബർട്ടിന് സന്തോഷം ആയി. അവൻ ഓടി വീട്ടിൽ ചെന്ന് മുന്തിരിപ്പഴം അമ്മയ്ക്കു കൊടുത്തു. ഈ മുന്തിരിപ്പഴം തനിക്ക് ആ ധനികന്റെ മകൻ നൽകിയ സമ്മാനം ആണെന്ന് പറഞ്ഞു. അമ്മയ്ക്കും ആൽബർട്ടിനും സന്തോഷമായി.



നമ്മുടെ കർത്താവും ഇതുപോലെയായിരുന്നു. നമ്മുടെ പാപങ്ങൾക്ക് മറുവിലയായി കാൽവറിക്രൂശിൽ പാപയാഗമായിത്തീർന്നു. വലിയ രക്ഷയാണ് കർത്താവ് നമുക്ക് ദാനമായി നൽകിയത്. ഇന്നും നമുക്കുവേണ്ടി ഉയിർത്തെഴുന്നേറ്റ കർത്താവ് ഉയരത്തിൽ ജീവിക്കുന്നു. "ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ച് അടക്കപ്പെട്ടു. തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു" (1 കൊരി. 15:3,4).

ഗാനം




കൃപ മതി നിൻ കൃപ മതി
എന്നന്ത്യത്തോളമീ
മരുവിലെന്റെ വാസത്തിൽ
എന്തെല്ലാം വന്നാലും
ആകയാൽ ഞാനോടിടും നിന്നിൽ മറഞ്ഞിടും
ആശയും പ്രത്യാശയും എൻ മറവിടവും നീ (2)
വൈരിയെന്റെ നേർക്കു വന്നിടുന്ന വേളയിൽ
വലിയ ചിറകുകൾ വിടർത്തി മറച്ചിടും കൃപ (ആകയാൽ ഞാൻ....)
വീണു പോകാതെന്നെയും നടത്തിടും കൃപ
വിടുതലേകി രോഗത്തിൽ എൻ ശോകങ്ങളിലും (ആകയാൽ ഞാൻ....)
വ്യർത്ഥമായിപ്പോകുകില്ലെന്നിൽ ചൊരിഞ്ഞതാം
വൻ കൃപ ആ പൊൻകൃപ എന്നേശുവിൻ കൃപ (ആകയാൽ ഞാൻ....)

## സ്തോത്രശുശ്രൂഷയും സ്നാനവും

**തിരുവനന്തപുരം:** വെളിയംകോട് ബ്രദറൺ സഭയ്ക്ക് പുതുതായി പണികഴിപ്പിച്ച സഭാഹാളിന്റെ സ്തോത്രശുശ്രൂഷ 28-11-2015 ശനിയാഴ്ച വൈകിട്ട് 3-ന് നടന്നു. പ്രസ്തുതയോഗത്തിൽ കർത്തൃദാസന്മാരായ കെ.സി. ജോൺസൺ (മാവേലിക്കര) അധ്യക്ഷനായിരുന്നു. ബാബു വർഗീസ് (യു.എസ്.എ.) ഹാളിന്റെ സമർപ്പണ ശുശ്രൂഷ നിർവ്വഹിച്ചു. ഭാനു ജെ. മാത്യു (തിരുമല) വചന ശുശ്രൂഷ നിർവ്വഹിച്ചു. ജി. സുരേഷ് കുമാർ (പേരൂർക്കട), കെ.ജി. ജോളി (അമ്പൂരി), ഐ. സുന്ദർദാസ് (മരത്തകിടി), സി.വി. തോമസ് (പെരുങ്ങമല) എന്നിവർ വിവിധ ശുശ്രൂഷകൾ ചെയ്തു. 29-11-2015 ഞായറാഴ്ച രാവിലെ എട്ടു മണിക്ക് രണ്ടു സഹോദരങ്ങളുടെ സ്നാനശുശ്രൂഷ ബാബു വർഗീസ് (യു.എസ്.എ.) നിർവ്വഹിച്ചു.

*വിത്സൻ ആർ., എം. കെ. ചാക്കോച്ചൻ, ഡി. സാംകുട്ടി*

## ബിലിവേഴ്സ് ബൈബിൾ കമന്ററി

**ബെംഗളൂരു :** കേരളത്തിലെ തെക്കൻ ജില്ലകളിലുള്ള സുവിശേഷകന്മാരുടെ ആവശ്യപ്രകാരം ജനുവരി 11,12,13 തീയതികളിൽ കൊട്ടാരക്കര കൺവൻഷനിലും വടക്കൻ ജില്ലകളിലുള്ള സുവിശേഷകന്മാർക്കായി ജനുവരി 14 മുതലുള്ള ദിവസങ്ങളിൽ (വാളകം) മൂവാറ്റുപുഴ കൺവൻഷനിലും ബിലിവേഴ്സ് ബൈബിൾ കമന്ററി സൗജന്യനിരക്കിൽ (300 രൂപ) വിതരണം ചെയ്യുവാൻ ഓപ്പറേഷൻ ബർണബാസ് ക്രമീകരണം ചെയ്തിട്ടുണ്ട്. സുവിശേഷകന്മാർ ഈ അവസരം പ്രയോജനപ്പെടുത്തണം.

*റോയി റ്റി. ഡാനിയേൽ*

## സുവിശേഷക്യാമ്പ്

**തൃശ്ശൂർ :** വൈ.എം.ഇ.എഫ്. തൃശ്ശൂർ യൂണിറ്റിന്റെ ചുമതലയിൽ 2016 ജനുവരി 11,12 തീയതികളിൽ മാറ്റാംപുറത്ത് സുവിശേഷക്യാമ്പ് ക്രമീകരിക്കുന്നു. ബ്രദർ ബൈജു ചുവന്നമണ്ണ് ക്ലാസ്സുകൾ എടുക്കും. ബ്രദർ കെ.സി. സൈമൺ രാത്രിയോഗങ്ങളിൽ പ്രസംഗിക്കും. 13-ാം തീയതി മാറ്റാംപുറത്തുനിന്നും വാഴാനിയിലേക്ക് ഒരു സുവിശേഷ സന്ദേശയാത്രയും ക്രമീകരിച്ചിട്ടുണ്ട്. ദൈവജനം ഈ പ്രവർത്തനങ്ങളെയോർത്ത് പ്രാർത്ഥിക്കുക.

*ഷൈജു മാറ്റാംപുറം, സെക്രട്ടറി*

ചിന്ത T.V.S.

## ക്ഷമ ശീലമാക്കൂ, സമാധാനം കൈവശമാക്കൂ.

ക്ഷമ എന്ന രണ്ടക്ഷരത്തിൽ അടങ്ങിയിരിക്കുന്ന കാര്യങ്ങളുടെ സാധ്യത വളരെ വലിയതാണ്. കോപം കൊണ്ടും ജഡത്തിന്റെ ബലം കൊണ്ടും സാധിക്കാത്ത വലിയ കാര്യങ്ങൾ ക്ഷമ കൊണ്ട് സാധിക്കുവാൻ കഴിയും. ആത്മീയ മണ്ഡലത്തിലെ ജ്യോതിസ്സുകളായി തീർന്ന ഭക്തന്മാരുടെ ജീവിതമാകുന്ന പുസ്തകം വായിച്ചാൽ അവർ ക്ഷമ കൊണ്ട് നേടിയെടുത്ത അനേക കാര്യങ്ങൾ ഉണ്ട്. ക്ഷമാശീലം ഒരു അനുഗ്രഹം തന്നെയാണ്. നമ്മുടെ കർത്താവു തന്നെ അതിനൊരു മാതൃക നൽകിയിരിക്കുന്നു.

കൊറിയയിൽ പറയപ്പെടുന്ന ഒരു കഥയുണ്ട്. അത് ഇങ്ങനെയാണ്. 'യു എൻ ഒക്ക്' എന്ന സ്ത്രീയുടെ ഭർത്താവ് യുദ്ധ സേവനത്തിനു ശേഷം വീട്ടിൽ മടങ്ങിയെത്തി. അയാളുടെ സ്വഭാവം പാടെ മാറിയിരിക്കുന്നു. വീട്ടിലെ ഒരു കാര്യത്തിനും സഹകരിക്കില്ല. എല്ലാറ്റിനും വഴക്കടിക്കുകയും ചെയ്യും. ഭാര്യ ആകെ മാനസ്സികമായി തകർന്നു. അവൾക്കടുത്തുള്ള ഒരു സന്യാസിയെക്കണ്ട് കാര്യങ്ങൾ ഉണർത്തിച്ചു. അയാൾ കുറച്ചു നേരം ധ്യാനിച്ച് ഭർത്താവിന് കൊടുക്കാനുള്ള ഒരു മാന്ത്രിക മരുന്ന് ഉണ്ടാക്കിത്തരാമെന്ന് പറഞ്ഞു.

ഈ മരുന്നിൽ അടങ്ങുന്ന ഒരു ഘടകം ജീവനുള്ള കടുവയുടെ മീശയാണ്. സ്ത്രീ കേട്ടപ്പോൾ ഞെട്ടിപ്പോയി. മരുന്നു വേണോ കടുവയുടെ മീശ വേണം. എന്തു ചെയ്യാനാ സന്യാസി ശഠിച്ചു. കടുവ താമസിക്കുന്ന ഒരു മലയെക്കുറിച്ച് അവൾ കേട്ടിട്ടുണ്ട്. ഭർത്താവിന്റെ കോപം മാറുവാൻ ആണല്ലോ- അവൾ ഇറച്ചിയുമായി കടുവയുടെ ഗുഹാമുഖത്ത് എത്തി- പക്ഷെ കടുവ ഇറങ്ങി വന്നില്ല. പല പ്രാവശ്യവും അവൾ ഭക്ഷണവുമായി ഗുഹയുടെ അടുത്തെത്തി. അങ്ങനെ ഒരു ദിവസം കടുവ ഭക്ഷണം കഴിച്ചു. രുചികരമായ ഭക്ഷണം കഴിച്ച കടുവയ്ക്കു യു എനിനെ ഇഷ്ടമായി.

**വളരെ ക്ഷമയോടും സഹന ശക്തിയോടും നയപരമായ പെരുമാറ്റത്തോടും കൂടി ക്രൂരനായ കടുവയുടെ സ്നേഹവും വിശ്വാസവും ആർജ്ജിച്ചെടുക്കുവാൻ സാധിച്ചെങ്കിൽ അത്രയും ക്രൂരനല്ലാത്ത നിങ്ങളുടെ ഭർത്താവിനെ മെരുക്കിയെടുക്കുവാൻ ഒരു മാന്ത്രികമരുന്നും ആവശ്യമില്ലായെന്ന് സന്യാസി പറഞ്ഞു.**

പിന്നെയും ചില ദിവസങ്ങൾ കഴിഞ്ഞപ്പോൾ യുഎൻ കടുവയെ തലോടുകയും അതിന്റെ അരികെ ഇരിക്കുകയും ചെയ്തു. ഉപദ്രവം ഒന്നും ഉണ്ടായില്ല. ഒരു ദിവസം യുഎൻ കടുവയുടെ മീശ പിടിച്ച് ഒരു വലി. ഒരു മീശ കയ്യിൽ പോന്നു. കടുവ ഒന്നും ചെയ്തില്ല. മീശയുമായി മുൻ സന്യാസിയുടെ അടുക്കൽ എത്തി. മീശ കടുവയുടേതാണെന്നും വളരെ ദിവസത്തെ ക്ഷമയോടുകൂടിയ പരിശ്രമം മൂലമാണ് അത് കിട്ടിയതെന്നും സന്യാസി മനസ്സിലാക്കിയപ്പോൾ അദ്ദേഹം ആ മീശ തീയിലിട്ട് ചുട്ടുകളഞ്ഞു. യൂ എനിന് അത് സങ്കടവും ദേഷ്യവും ഉണ്ടാക്കി. വളരെ ക്ഷമയോടും സഹനശക്തിയോടും നയപരമായ പെരുമാറ്റത്തോടും കൂടി ക്രൂരനായ കടുവയുടെ സ്നേഹവും വിശ്വാസവും ആർജ്ജിച്ചെടുക്കുവാൻ സാധിച്ചെങ്കിൽ അത്രയും ക്രൂരനല്ലാത്ത നിങ്ങളുടെ ഭർത്താവിനെ മെരുക്കിയെടുക്കുവാൻ ഒരു മാന്ത്രിക മരുന്നും ആവശ്യമില്ലായെന്ന് സന്യാസി പറഞ്ഞു. ആ പുതിയ ഉൾക്കാഴ്ചയോടെ അവൾ മടങ്ങിപ്പോയി.

പ്രിയരെ, ഇതിലൂടെ അന്തിമമായ ജീവിത വിജയത്തിന് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഘടകം ക്ഷമയാണെന്ന് നാം ഇപ്പോൾ മനസ്സിലാക്കിക്കാണും എന്നു കരുതുന്നു. ക്ഷമ മൂലം ഏത് ഭയങ്കരമായ ശത്രുവിനെയും കീഴ്പ്പെടുത്തുവാൻ കഴിയും. ശത്രുവിന്റെ നേരെ ഉപയോഗിക്കാൻ പറ്റിയ ഒരു ആയുധമാണ് ക്ഷമ. ദാവീദ് പോലും ശത്രുവിന്റെ നേരെ ഇത് ഉപയോഗിച്ച് വിജയം കണ്ടിട്ടുണ്ട്. ആത്മാവിന്റെ ഫലങ്ങളിൽ ഒന്നായ ഈ ആയുധം ഉപയോഗിച്ച് വിജയകരമായ ഒരു ക്രിസ്തീയ ജീവിതം തുടരുവാൻ ദൈവം സഹായിക്കട്ടെ. സമാധാനം കൈവരട്ടെ.

SUVISESHADHWANI
Fortnightly
Vol. 38 Issue11
Annual Subscription
India Rs. 200/-
USA/Canada US$ 75
Envelope Postage
Rs. 2000/-

Chief Editor:
**Saju P. Stephen**
Padinjattil Puthenpurayil,
Kakkoor P.O., Koothattukulam
Pin-686662, Mob:9747486981
sajupstephen@gmail.com

**Please send news and articles to:**
Associate Editor
**Samuel Thomas**
Choonattu House
Cheppad P.O.,
Alappuzha Dist.,
Kerala - 690 507
Mob : 9495162788
samjichoonattu@gmail.com

**Send your drafts & money order to :**
Managing Editor
**Samson Samuel**
Sam's Cottage,Palace Square
Chottanikara P.O.,
Ernakulam - 682 312
Mob: 9605001818
samgen701@gmail.com

Circulation Manager:
**A.D. James**
Angamaly-683572
Mob: 9446814115
Please send DD/Cheque drawn in favour of :
Suvisesha Dhwani

E-mail :
suviseshadhwani2011@gmail.com

REGISTERED
*Reg. No. RN 29475/1978*
**Postal Reg. No. KL / ALY / 0076 / 2015-17**
**Date of Publishing : 02 / 01 / 2016**

*If not delivered, please return to :*
**Managing Editor,**
**SUVISESHADHWANI,**
Sam's Cottage, Palace Square
Chottanikara P.O.,
Ernakulam - 682 312.

Printed & Published by Saju P. Stephen on behalf of General Y.M.E.F. & Printed at Speck Offset Press, Eroor, Ekm. & Published at Padinjattil Puthenpurayil, Kakkoor, Ekm. Dist. Editor : Saju P. Stephen. Design: D'Club, Kallissery.